# വിജ്ഞാപനം.

# ശ്രീരാമവിലാസം.

ഇതു് മനുഷ്യൎക്കു ലൌകികമായും ആത്മികമായും അവശ്യം വേണ്ട ജ്ഞാനങ്ങളെ വൎദ്ധിപ്പിക്കുന്ന ഒരു മലയാള മാസികയാകുന്നു.

ഇതിൽ പ്രതിവാദിക്കപ്പെടുന്ന പ്രധാന വിഷയങ്ങൾ ജ്യോതിഷം, മാന്ത്രികം, വൈദ്യം, വിദ്യാഭ്യാസം, വ്യവസായം, സമുദായ കാൎയ്യങ്ങൾ മുതലായവയും ആദ്ധ്യാത്മിക വിഷയങ്ങളുമായിരിക്കും.

ഈ മാസികയുടെ വരിക്കാരായിരിപ്പാൻ ആഗ്രഹിക്കുന്നവർ പണം മുൻകൂറ് അടയ്ക്കേണ്ടതാണ്.

## വരിസംഖ്യ.

| | ക. | ണ. | റ. |
|---|---|---|---|
| ഒരു കൊല്ലത്തേക്കു | ൨ | ,, | ,, |
| ഒററ പ്രതിക്കു | ,, | ൪ | ,, |

മാസികയിൽ ചേൎക്കുവാനുള്ള ലേഖനങ്ങളും പദ്യങ്ങളും പത്രാധിപരുടെയും, പണമിടപെട്ട എഴുത്തുകുത്തുകളും മാസികക്കുള്ള അപേക്ഷകളും മാനേജരുടെയും പേൎക്കു താഴെ പറയുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്.

ഭാരത വൈദ്യശാല
വേങ്ങൽ
തിരുവല്ലാ
തിരുവിതാംകൂർ.

# അവതാരിക.

"ശ്രീരാമവിലാസം" എന്ന നാമധേയത്തോടു കൂടി ഇപ്പോൾ ജാതമായിരിക്കുന്ന ഈ മാസികയുടെ മാതൃസ്ഥാനം വഹിക്കുന്നതു്, വന്ദ്യശ്രീ. പാഴൂർ പെടിപ്പുരയിൽ എസ്. കുഞ്ഞുരാമൻ ജ്യോത്സ്യരവർകളുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചിരിക്കുന്ന കേരളീയ ഗണകമഹാസമാജമാണെന്നുള്ള വിവരം അറിഞ്ഞിട്ടില്ലാത്തവർ ഈ സമുദായത്തിൽ അധികമില്ലെന്നു വിശ്വസിക്കുന്നു.

ഒരു ശിശുവിന്റെ ആയുരാരോഗ്യാദി സുഖസ്ഥിതികൾക്കു മുഖ്യകാരണങ്ങൾ ആ ശിശുവിന്റെ മാതാവിൽ നിന്നും യഥാകാലം ലഭിക്കുന്ന സ്തന്യവും സ്നേഹത്തോടു കൂടിയ പരിപാലനവും പിതാവിന്റെ കരുണാമസൃണമായ ഭരണവും ആണല്ലോ.

എന്നാൽ മാതാവു് അരോഗദൃഢഗാത്രതയും, മനസ്സന്തോഷവും സ്നേഹം, ക്ഷമ മുതലായ സൽസ്വഭാവങ്ങളും സമ്പാദിച്ചിട്ടില്ലെങ്കിൽ തന്നിമിത്തം ശിശുവിനു പല വിധമായ അരിഷ്ടതകൾ സംഭവിക്കാമെന്നുള്ളതിൽ പക്ഷാന്തരമുള്ളതുമല്ലല്ലോ.

അതിനാൽ ഏററവും ശിശുപ്രായത്തെ അവലംബിച്ചിരിയ്ക്കുന്ന ഈ മാസികയുടെ വളൎച്ചയ്ക്കും രക്ഷയ്ക്കും ഇതിന്റെ മാതാവായ സമാജം കൌശലാഢ്യത്തോടുകൂടിയും അന്തഃഛിദ്രമില്ലാതെയും സ്നേഹംമുതലായ മററു ഗുണങ്ങളോടു കൂടിയുമിരുന്ന് സഹായമാകുന്ന സ്തന്യത്തെ ധാരാളം പ്രവഹിപ്പിയ്ക്കുകയും സഭാനാഥന്റെ ആജ്ഞാനുസരണം വൎത്തിയ്ക്കുകയും ചെയ്യേണ്ടതായിരിക്കുന്നു.

പ്രസ്തുത. മാസികയുടെ ജനനം സമുദായത്തിനു പൊതുവെ സന്തോഷകരമാണെന്നുള്ളതിന് പല ലക്ഷ്യങ്ങളും കണ്ടു തുടങ്ങീട്ടുള്ളതിനാൽ ഇതിന്റെ ഭാരവാഹികൾക്കു് ഈ വിഷയത്തിൽ അമിതമായ സന്തോഷവും ഉത്സാഹവും ജനിച്ചിട്ടുണ്ടെന്നുള്ളതാണു് ഒന്നാമതായി ഇവിടെ പ്രസ്താവിച്ചു കൊള്ളുന്നതു്.

ഈ മാസികയുടെ ആധിപത്യം വഹിക്കുന്നതിനായി നിശ്ചയിക്കപ്പെട്ടിരുന്ന താമരക്കുളം കൊച്ചുശങ്കര വൈദ്യരവർകൾക്കു് തല്ക്കാലം ചില അസൌകര്യങ്ങൾ നേരിട്ടതിനാൽ ടി വൈദ്യരുടെയും മററു ഭാരവാഹികളുടെയും സമ്മതമനുസരിച്ച് കാഞ്ഞിരവേലിൽ കെ. എൻ. കൃഷ്ണൻ ജ്യോത്സ്യരവർകളെ ആ ഭാരം ചുമതലപ്പെടുത്തിയതാണു് സമുദായ കാൎയ്യത്തിലും മാസികാപ്രവൎത്തനത്തിലും, വേണ്ട പരിശ്രമങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കുന്ന ടി കൃഷ്ണൻ ജ്യോത്സ്യരവർകൾ

ഈ സ്ഥാനത്തെ വഹിക്കുന്നതിനുകൂടി സംഗതിയായത് ഇതിന്റെ മററു ഭാരവാഹികൾക്ക് അതിയായ ആശ്വാസപ്രദമാണെന്നും ഇവിടെ പറയാതിരിപ്പാൻ നിവൃത്തിയില്ല.

ഈ മാസികയുടെ പ്രസിദ്ധീകരണത്തിൽ പ്രത്യേകഭാരം വഹിച്ചിട്ടുള്ള ഉള്ളന്നൂർ കെ. ഗോവിന്ദൻ വൈദ്യരവർകളോടും മററു പല സഹായങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നവരും ചെയ്യാമെന്നുള്ളവരുമായ എല്ലാ സജാതിയന്മാരോടും ഈ സമാജം നിരന്തരമായ കൃതാർത്ഥതയെ പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു.

ഈ മാസികയുടെ ഉൽക്കർഷാവഹമായി ശാശ്വത മുഖാംഗങ്ങളും സദയം കല്പിച്ചയച്ചു തന്നിട്ടുള്ള കരുണാവാരിധിയായ മഹാമഹിമശ്രീ. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, സി. എസ്. ഐ. തിരുമനസ്സിലെ നിഷ്പക്ഷപാതമായ കരുണാകടാക്ഷത്തിനായി ഞങ്ങൾ ഭയഭക്തി പുരസ്സരം നമസ്കരിച്ചുകൊള്ളുന്നതുകൂടാതെ, അവിടുത്തെ അനുഗ്രഹവും; മഹാമഹിമശ്രീ. ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ എം. ഏ. എം. ആർ. ഏ. എസ്. തിരുമനസ്സിലെ തിരുവുള്ളവും ഈ മാസികയുടെ രക്ഷാസൂത്രവും ഭാവിശ്രേയസ്സിനുള്ള മൂലധനവുമായിരിക്കുമെന്ന് ഞങ്ങൾ കുലംകഷമായി ആഗ്രഹിക്കയും ചെയ്യുന്നു.

അതിബാലയായ ഈ മാസികയുടെ മാതാവായ സമാജത്തിനു ശൈശവമാകയാൽ അതിന് ഇപ്പോൾ ഒരു മാസികയെ ജനിപ്പിക്കത്തക്ക പ്രാപ്തിയില്ലെന്നുള്ള ന്യൂനതയെ അഗണ്യമാക്കി ഞങ്ങൾ ഈ വിഷയത്തിൽ പ്രവേശിക്കുന്നതിനു ധൈര്യപ്പെടുത്തിയ താഴെപ്പറയുന്ന മഹാത്മാക്കളോടും ഈ സമാജം സർവ്വദാ കടപ്പെട്ടിരിക്കുന്നു.

൧ രാജശ്രീ. വടക്കുംകൂർ രാജരാജവർമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ടു്.

൨. രാജശ്രീ. തിരുവല്ലാ രാമരാജവർമ്മ തമ്പുരാൻ ,,

൩. ബ്രഹ്മശ്രീ. പി. എസ്സ്. പുരുഷോത്തമൻ പോററി ,,

൪. ടി. ഓറവുംകര ചെറിയ ശംകരൻ നമ്പൂരി ,,

൫. ടി. അമ്പലപ്പുഴ വെങ്കിടേശ്വരശർമ്മാ ,,

മ. രാ. രാ. അവർകൾ.

൬. ,, കെ. പരമുപിള്ള എം. ഏ. ,,

൭. ആർ. ഈശ്വരപിള്ള ബി. ഏ. ,,

൮. ,, ജി. രാമമേനവൻ എം. ഏ. ,,

൯. കെ. കണ്ണൻ മേനോൻ. ബി. ഏ. എൽ. ററി. ,,

൧൦. എസ്. സി. നരസിംഹാചാരി ഹെഡ്മാസ്റ്റര

പ. വി. വറുഗീസ ബി. ഏ. എൽ. ററി ,,

൧൧. ടി. സഹായാദ്ധ്യാപകന ററി. സി. അബ്രഹാം ,,

അവർകൾ

മ-രാ-രാ-

൧൨. ഡിസ്ട്രിക്ട് രജിസ്ട്രാർ സി. മാത്തൻ ബി. ഏ. ,,

൧൩. കെ. സി. മാമ്മൻ മാപ്പിള ബി. ഏ. ,,

൧൪. മനീഷി കോതേകാട്ട കൃഷ്ണമേനോൻ ,,

൧൫. പി. കെ. കൊച്ചീപ്പൻ തരകൻ. ,,

൧൬. സി. എം. നാരായണപ്പണിക്കർ. ,,

൧൭. കല്യാണക്കശ്ശേരിൽ എൻ. കൃഷ്ണപിള്ള ,,

൧൮. കരിയറ നാരായണക്കുറുപ്പ് ,,

൧൯. പി. ഐ. ചാണ്ടി ബി. ഏ. ,,

൨൦. പന്തളം കൃഷ്ണവാര്യർ. ,,

൨൧. വി. പി. മമ്മൻ ബി. ഏ. ,,

൨൨. കെ. സി. ഇട്ടപ്പൻ ബി. ഏ. ,,

൨൩. പുതുപ്പള്ളിൽ പി. കെ. പണിക്കർ. ,,

ഇപ്രകാരം മററു പലരുടെയും ലേഖനങ്ങളും അനുകൂലങ്ങളായ കത്തുകളും വാഗ്ദാനങ്ങളും ഈ മാസികയുടെ ഉത്ഭവത്തിന്നു മൂലബീജങ്ങളാണെന്നും ഇതിന്റെ പോഷണത്തിന്നുള്ള ആഹാരങ്ങളും പ്രസ്തുത മഹൽസഹായങ്ങൾ തന്നെയാണെന്നും സജ്ജനസമക്ഷം ഞങ്ങൾ പ്രസ്താവിച്ചുകൊള്ളുന്നു.

വിശിഷ്യ കേരളീയ ഗണകമഹാസമാജത്തിന്റെ ആവിർഭാവം മുതൽ തന്നെ ഈ സമാജത്തെ സഹായിച്ചുകൊണ്ടിരിക്കുന്ന മഹാത്മാക്കളായ രാജശ്രീ. കാ. കണ്ണൻനായരവർകൾ. മാങ്ങാമഠത്തിൽ കെ. കൃഷ്ണപിള്ള അവർകൾ. മാസികാസംബന്ധമായ എഴുത്തുകുത്തുകളിൽ അശ്രാന്തപരിശ്രമം ചെയ്തിട്ടുള്ള വേളപ്പ വീട്ടിൽ വി. കെ. കൃഷ്ണപിള്ള അവർകൾ തുടങ്ങിയ ചില മഹത്തുക്കളോടും, ഇതിന്റെ നടത്തിപ്പിലേക്കു പണ്ഡിതന്മാരായ പല കവികളുടെയും ലേഖകന്മാരുടെയും വിലയേറിയ സഹായങ്ങളെ ഏറെ ആകർഷിച്ചു തരുന്നതിന്നു കൂടി ഈ സമാജത്തോടും ഇതിന്റെ ഭാരവാഹികളോടും ദയയുണ്ടായ മാന്യ ശ്രീമൂലൂർ, എസ്. പത്മനാഭപ്പണിക്കരവർകളോടും ഞങ്ങൾക്കുള്ള കൃതജ്ഞതയെ ഇവിടെ സബഹുമാനം പ്രകടിപ്പിച്ചുകൊള്ളുന്നു.

ഈ മാസിക ഞങ്ങൾ ആഗ്രഹിച്ചിരുന്ന വിധം ഭംഗിയാക്കുന്നതിന്നു തല്ക്കാലം സാധിച്ചില്ലെങ്കിലും ഇതു നമ്മുടെ യുവരാജാവു തിരുമനസ്സിലെ മംഗളാശംസാപാത്രമായിട്ടെങ്കിലും കൃത്യസമയത്ത് വെളിയ്ക്കിറക്കുന്നതിന്നായി അത്യുത്സാഹം ചെയ്ത കെ. വി. പ്രസ്സ് മാനേജർ കണ്ടത്തിൽ ചാക്കോമാപ്പിള അവർകളോടും ഞങ്ങൾക്കുള്ള നന്ദിയെ പ്രദർശിപ്പിച്ചുകൊണ്ടും ഗണകകലാചാര്യനായ സമാജാദ്ധ്യക്ഷന്റെയും, ടി സമാജത്തിന്റെയും, ഈ മാസികയുടെയും ചിരപ്രതിഷ്ഠയെ ജഗദീശ്വരനോടു യാചിച്ചുകൊണ്ടും ഇപ്പോൾ വിരമിച്ചുകൊള്ളുന്നു.

കെ. സി. ഇട്ടി

# ശ്രീരാമവിലാസം.


| | | |
|---|---|---|
| പുസ്തകം | ൧൦൮൨ൻ തുലാം | ലക്കം ൧ |


## ശ്രീ

## പ്രസ്താവന

സുഖത്തെ ഇച്ഛിച്ചാണ് സകല ജന്തുക്കളുടേയും പ്രയത്നം എന്നുള്ളത് ശാസ്ത്രീയമായ ഒരു തത്വമാണല്ലൊ. വിശിഷ്യ മനുഷ്യൎക്ക ഇഹപരങ്ങളെ ആശ്രയിച്ച് രണ്ടു വക സുഖേച്ഛകൾ ഉണ്ടെന്നും അവയെ വഴി പോലെ സാധിക്കുന്നതാണ് പുരുഷാൎത്ഥസിദ്ധി എന്നും പുരുഷാൎത്ഥസിദ്ധിക്ക് മുഖ്യ സാധനങ്ങൾ വിദ്യയും ധനവും ആണെന്നും ശ്രുതിയുക്ത്യനുഭവങ്ങളാൽ സകല ജനങ്ങൾക്കും ഒരുപോലെ ബോദ്ധ്യമുള്ളതുമാണല്ലൊ. എന്നാൽ വിദ്യ വേണ്ടവിധമായി പ്രയത്നം ചെയ്തു സമ്പാദിക്കാതെ അതു സുഖസാധകമായിരിക്കുന്നതല്ല. വിദ്യാസമ്പാദനത്തിന് പൂൎവ്വകാലങ്ങളിൽ ധനത്തിന്റെ സഹായം അധികം ആവശ്യമില്ലായിരുന്നു എങ്കിലും ആധുനികകാലത്തു വിദ്യാഭ്യാസത്തിനു ധനസഹായം അത്യന്താപേക്ഷിതമായിരിക്കുന്നു. അതിനാൽ സുഖത്തിന് മൂലസാധനം ധനമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തോടു കൂടാതെയുള്ള ധനം ദുഃഖഹേതുകമായിരിക്കയാൽ സുഖത്തിന് വിദ്യയും ധന

മ-രാ-രാ- അവർകൾ

൧൨. ഡിസ്ത്രിക്ട് റജിസ്ത്രാർ സി. മാത്തൻ ബി. ഏ. ,,
൧൩. കെ. സി. മാമ്മൻ മാപ്പിള ബി. ഏ. ,,
൧൪. മനീഷി കോതേകാട്ട കൃഷ്ണമേനോൻ ,,
൧൫. പി. കെ. കൊച്ചീപ്പൻ തരകൻ. ,,
൧൬. സി. എം. നാരായണപ്പണിക്കർ. ,,
൧൭. കല്യാണശ്ശേരിൽ എൻ കൃഷ്ണപിള്ള ,,
൧൮. കിളിമാനൂർ നാരായണക്കുറുപ്പ് ,,
൧൯. പി. ഐ. ചാണ്ടി ബി. ഏ. ,,
൨൦. പന്തളം കൃഷ്ണവാര്യർ. ,,
൨൧. വി. പി. മമ്മൻ ബി. ഏ. ,,
൨൨. കേ. സി. ഇട്ടൂപ്പ് ബി. ഏ. ,,
൨൩. പുതുപ്പള്ളിൽ പി. കെ. പണിക്കർ. ,,

ഇപ്രകാരം മററു പലരുടെയും ലേഖനങ്ങളും അനുകൂലങ്ങളായ കത്തുകളും വാഗ്ദാനങ്ങളും ഈ മാസികയുടെ ഉത്ഭവത്തിനു മൂല ബീജങ്ങളാണെന്നും ഇതിൻെറ പോഷണത്തിനുള്ള ആഹാരങ്ങളും പ്രസ്തുത മഹൽസഹായങ്ങൾ തന്നെയാണെന്നും സജ്ജനസമക്ഷം ഞങ്ങൾ പ്രസ്താവിച്ചു കൊള്ളുന്നു.

വിശിഷ്ട കേരളീയ ഗണകമഹാ സമാജത്തിൻെറ ആവിർഭാവം മുതൽ തന്നെ ഈ സമാജത്തെ സഹായിച്ചുകൊണ്ടിരിയ്ക്കുന്ന മഹാത്മാക്കളായ രാജശ്രീ. കാ. കണ്ണൻനായരവർകൾ. മാങ്ങാമഠത്തിൽ കേ. കൃഷ്ണപിള്ള അവർകൾ. മാസികാ സംബന്ധമായ എഴുത്തുകുത്തുകളിൽ അശ്രാന്തപരിശ്രമം ചെയ്തിട്ടുള്ള വേളപ്പ വീട്ടിൽ വി. കെ. കൃഷ്ണപിള്ള അവർകൾ തുടങ്ങിയ ചില മഹത്തുക്കളോടും, ഇതിൻെറ നടത്തിപ്പിലേക്കു പണ്ഡിതന്മാരായ പല കവികളുടെയും. ലേഖകന്മാരുടെയും വിലയേറിയ സഹായങ്ങളെ ഏറാൽ ആകർഷിച്ചു തരുന്നതിനു കൂടി ഈ സമാജത്തോടും ഇതിൻെറ ഭാരവാഹികളോടും ദയയുണ്ടായ മാന്യ ശ്രീ മൂലൂർ, എസ്. പത്മനാഭപ്പണിക്കരവർകളോടും ഞങ്ങൾക്കുള്ള കൃതജ്ഞതയെ ഇവിടെ സബഹുമാനം പ്രകടിപ്പിച്ചുകൊള്ളുന്നു.

ഈ മാസിക ഞങ്ങൾ ആഗ്രഹിച്ചിരുന്ന വിധം ഭംഗിയാക്കുന്നതിനു തല്ക്കാലം സാധിച്ചില്ലെങ്കിലും ഇത് നമ്മുടെ യുവരാജാവു തിരുമനസ്സിലെ മംഗളാശംസ പത്രമായിട്ടെങ്കിലും കൃത്യസമയത്ത് വെളിയ്ക്കിറക്കുന്നതിനായി അത്യുത്സാഹം ചെയ്ത കേ. വി. പ്രസ്സ് മാനേജർ കണ്ടത്തിൽ ചാക്കോമാപ്പിള അവർകളോടും ഞങ്ങൾക്കുള്ള. നന്ദിയെ പ്രദർശിപ്പിച്ചു കൊണ്ടും ഗണകകലാചാര്യനായ സമാജാദ്ധ്യക്ഷൻെറയും, ടി സമാജത്തിൻെറയും, ഈ മാസികയുടെയും ചിരപ്രതിഷ്ഠയെ ജഗദീശ്വരനോടു യാചിച്ചുകൊണ്ടും ഇപ്പോൾ വിരമിച്ചു കൊള്ളുന്നു.

കേ. ജി. ഇട്ടി

# ശ്രീരാമവിലാസം.

| പുസ്തകം | ൧൦൭൯ തുലാം | ലക്കം ൧ |
| --- | --- | --- |

## ശ്രീ.

## പ്രസ്താവന

സുഖത്തെ ഇച്ഛിച്ചാണ് സകല ജന്തുക്കളുടേയും പ്രയത്നം എന്നുള്ളത് ശാസ്ത്രീയമായ ഒരു തത്വമാണല്ലോ. വിശിഷ്യ മനുഷ്യൎക്ക ഇഹപരങ്ങളെ ആശ്രയിച്ച് രണ്ടു വക സുഖേച്ഛകൾ ഉണ്ടെന്നും അവയെ വഴി പോലെ സാധിക്കുന്നതാണ് പുരുഷാൎത്ഥ സിദ്ധി എന്നും പുരുഷാൎത്ഥ സിദ്ധിക്ക് മുഖ്യ സാധനങ്ങൾ വിദ്യയും ധനവും ആണെന്നും ശ്രുതിയുക്ത്യനുഭവങ്ങളാൽ സകല ജനങ്ങൾക്കും ഒരുപോലെ ബോദ്ധ്യമുള്ളതുമാണല്ലൊ. എന്നാൽ വിദ്യ വേണ്ടവിധമായി പ്രയത്നം ചെയ്തു സമ്പാദിക്കാതെ അതു സുഖസാധകമായിരിക്കുന്നതല്ല. വിദ്യാസമ്പാദനത്തിന് പൂൎവ്വകാലങ്ങളിൽ ധനത്തിന്റെ സഹായം അധികം ആവശ്യമില്ലായിരുന്നു എങ്കിലും ആധുനികകാലത്തു വിദ്യാഭ്യാസത്തിനു ധനസഹായം അത്യന്താപേക്ഷിതമായിരിക്കുന്നു. അതിനാൽ സുഖത്തിന് മൂലസാധനം ധനമാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസത്തോടു കൂടാതെയുള്ള ധനം ദുഃഖഹേതുകമായിരിക്കയാൽ സുഖത്തിന് വിദ്യയും ധന

വും ഒഴിച്ചുകൂടാത്തവയാണെന്നു സ്പഷ്ടമാകുന്നു. ഇഹലോകസുഖത്തിന് ധനസമ്പാദനം ഏതു വിധം ചെയ്താലും മതിയാകുമെന്നു ചിലർ വാദിച്ചേക്കാം. എന്നാൽ വിദ്യാവിഹീനനായ ഒരുവന് ധനം സുഖസാധകമായിരിക്കുന്നതിനിടയില്ലെന്നു മാത്രമല്ല സർവഥാ അതു ദുഃഖസാധകമായിരിക്കുമെന്നുള്ളതിൽ സന്ദേഹമുള്ളതുമല്ലല്ലോ. അതിനാൽ ഒരുവന്റെ സുഖലാഭത്തിന് ആയാൾ വിദ്യയും ധനവും സമ്പാദിക്കേണ്ടിയിരിക്കുന്നു. അപ്രകാരം തന്നെ ഒരു കുടുംബത്തിന്റെ സുഖസ്ഥിതിക്കും വിദ്യാഭ്യസനവും ധനസമ്പാദനവും അവശ്യം വേണ്ടതായിരിക്കുന്നു. ഒരു കുടുംബത്തിൽ പ്രയത്നപ്പെട്ട് ധനം സമ്പാദിക്കുന്നവർ മാത്രം ഉണ്ടായിരിക്കയും അവർക്ക് വിദ്യാഭ്യാസം കൊണ്ട് വേണ്ട ഗുണം സിദ്ധിച്ചിട്ടില്ലാതിരിക്കയും ചെയ്താൽ അവർ സമ്പാദിക്കുന്ന ധനം പ്രായേണ നഷ്ടപ്പെടുകയും തൻമൂലം അവരുടെ പ്രയത്നഫലം ദുഃഖരൂപമായി പരിണമിക്കുകയും ചെയ്യുന്നു. പ്രത്യുത ഒരു കുടുംബാംഗങ്ങൾ എല്ലാം വിദ്യാഭ്യാസവിഷയത്തിൽ തന്നെ പ്രയത്നപ്പെടുന്നതായാൽ അതു് പ്രത്യേകം അവർക്കും ആ കുടുംബത്തിനും ശ്രേയസ്കരം തന്നെ എന്നിരുന്നാലും കാലക്ഷേപത്തിന് ധാരാളം സ്വത്തില്ലാതെയുള്ള കുടുംബ സ്ഥിതിക്ക് ഇതു് സുഖസാദ്ധ്യമാവുകയില്ലല്ലോ. അതിനാൽ അങ്ങനെയുള്ള കുടുംബങ്ങളിൽ പെട്ട ഏതാനും ആളുകൾ സാധാരണാവശ്യങ്ങൾക്ക് മാത്രമെങ്കിലും വിദ്യാഭ്യാസം ചെയ്ത ശേഷം തൽക്കാലഫലസിദ്ധിയുള്ള കൃഷി, കൈത്തൊഴിൽ മുതലായവയിൽ കൂടി പ്രവേശിക്കുന്നതായാൽ അവർ മുഖേന ആ കുടുംബാംഗങ്ങളിൽ ഏതാനും ആളുകളുടെ വിദ്യാഭ്യാസം നിർവിഘ്നമായി നടത്തുന്നതിനും കുടുംബത്തെ രക്ഷിക്കുന്നതിനും ക്രമേണ കുടുംബത്തിൽ വിദ്യയും ധനവും വർദ്ധനവിൽ വരുന്നതിനും സംഗതിയാകുന്നതാണല്ലോ. ഇങ്ങനെ ഓരോ കുടുംബങ്ങളിലും വിദ്യയും ധനവും അഭിവൃദ്ധിയെ പ്രാപിക്കുമ്പോൾ ദേശങ്ങളും രാജ്യങ്ങളും ഉന്നതിയിൽ എത്തുന്നു. പൂർവകാലങ്ങളെ അപേക്ഷിച്ച് ഓരോ രാജ്യങ്ങൾ ഇപ്പോൾ ഐശ്വര്യാഭിവൃദ്ധിയിൽ എത്തിയിരിക്കുന്നതിനുള്ള സോപാനവും ഇതു തന്നെ ആണെന്ന് ഇംഗ്ലണ്ട്, ജർമ്മൻ, ഫ്രാൻസ്, ജപ്പാൻ, അമേരിക്കാ, മുതലായ പരിഷ്കൃത രാജ്യങ്ങളെപ്പറ്റി ആലോചിച്ചാൽ വേഗത്തിൽ മനസ്സിലാക്കാവുന്നതാണ്. ഇനിയും അഭിവൃദ്ധിയിലിരിക്കുന്ന ഒരു സമുദായത്തിന്റെ സ്ഥിതി നോക്കിയാൽ അവിടെയും ഈതോതു തന്നെ ആണ് കാണപ്പെടുന്നത്. ഏതൊരു സമുദായത്തിൽ വിദ്യയും ധനവും വർദ്ധിച്ചു വരുന്നുവോ, ആ സമുദായമാണ് പുഷ്ടിയെ പ്രാപിച്ചു വരുന്നതെന്നുള്ളത് നമുക്കിപ്പോൾ ദൃഷ്ടിഗോചരമായ ഒരു വാസ്തവമാണ്. വിശിഷ്യ കേരളത്തിൽ ഇപ്പോൾ ക്ഷേമാഭിവൃദ്ധിയിൽ ഇരിക്കുന്ന നായർസമുദായം, ക്രിസ്തീയസമുദായം, ഈഴവസമുദായം, എന്നിവയുടെ പൂർവസ്ഥിതിയെ ആലോചിക്കുക. പ്രസ്തുത സമുദായങ്ങൾ അവയുടെ പൂർവസ്ഥിതിയിൽ നിന്നും ഇപ്പോൾ ഇത്രമാത്രം സ്വാതന്ത്ര്യത്തേയും ഉന്നതിയേയും പ്രാപിച്ചിട്ടുള്ളത് ആ സമുദായങ്ങൾ വിദ്യാഭ്യാസത്താ

ലും ധനസമ്പാദനത്തിലും ചെയ്തു വരുന്ന പരിശ്രമത്തിന്റെ ഫലം എന്നല്ലാതെ വേറെ കാരണം ഉണ്ടെന്നു തോന്നുന്നില്ല. മേൽ വിവരിച്ച സമുദായങ്ങളുടെ അഭ്യുദയം ഇവിടെ നിന്ദ്യവർഗ്ഗങ്ങളെന്ന് ഗണിക്കപ്പെട്ടിരുന്ന മററു പല സമുദായങ്ങൾക്കും ക്ഷേമദ്വാരമായിരിക്കുന്നു എന്നുള്ളതും സ്മരണീയമാണ്. അപ്രകാരം കമ്മാള (കമ്മാള) സമുദായവും ഇപ്പോൾ ഉൽക്കർഷോന്മുഖമായിരിക്കുന്നു. അതിനുള്ള നിദാനം മൈസൂരിൽ ചില കമ്മാളർ വിദ്യകൊണ്ടും ധനംകൊണ്ടും പരിഷ്കൃതലോകത്തിൽ എത്തിയിരിക്കുന്നു എന്നുള്ളതാണ്. അവരുടെ സ്ഥിരോത്സാഹം നിമിത്തം അവിടെ "വിശ്വബ്രഹ്മസമാജം" എന്നനാമധേയത്തിൽ ഒരു സംഘത്തെ ദൃഢീകരിച്ച് വേണ്ട പരിഷ്കാരങ്ങൾ ചെയ്തു വരുന്നു. അവർ പരദേശികന്മാർ ആണെങ്കിലും അവരുടെ പരിശ്രമത്തിന്റെ ഫലം ഈ നാട്ടുകാരായ കമ്മാളരുടെ ഇടയിലും വ്യാപിച്ചിരിക്കുന്നു. അവരിൽ കോഴിക്കോട്ടു മുതലായ സ്ഥലങ്ങളിൽ ഈ കമ്മാളസമുദായം വിദ്യാഭ്യാസവിഷയത്തിലും മററും യോഗ്യത സമ്പാദിച്ച് ഏകദേശം ഒരു നല്ല നിലയെ പ്രാപിച്ചിരിക്കയും സ്വവംശസ്നേഹം നിമിത്തം സമുദായ ക്ഷേമത്തിന് വേണ്ട വിധം കാലാനുസൃതമായി പരിശ്രമിക്കയും ചെയ്യുന്നതിനാൽ ഈ നാട്ടിലുള്ള കമ്മാളസമുദായവും കാലവിളംബമെന്നിയെ ഉയർന്നു വരുന്നതു കാണാം എന്നുള്ളതിൽ സന്ദേഹമില്ല. ഇതു കൂടാതെ കേരളവാസികളായ സകല ജാതികളിലും വച്ച് ഏററവും നികൃഷ്ടമായി ഗണിക്കപ്പെട്ടു വരുന്ന പുലയ സമുദായത്തിന്റെ താല്ക്കാലികാവസ്ഥ കൂടി അല്പം ആലോചിക്കേണ്ടതാണ്.

അല്പമായ കാലം കൊണ്ടു അവരുടെ പരിശ്രമത്താൽ ഇപ്പോൾ അവർ ഗവമ്മേൻറുദ്യോഗങ്ങളിൽ കൂടി പ്രവേശിച്ചിരിക്കുന്നു. ഇതിനുള്ള കാരണവും അവർ ക്രമേണ വിദ്യയും ധനവും സമ്പാദിച്ചതിന്റെ ഫലമാണല്ലോ. മേൽ പ്രസ്താവിച്ച സമുദായങ്ങളിൽ ഏറക്കുറെ ധനമുള്ളവരുണ്ടായിരുന്നെങ്കിലും ചുരുക്കമാളുകൾ വിദ്യാഭ്യാസം ചെയ്തതിന്റെ ഫലം കൊണ്ടു കൂടി ആണ് പ്രസ്തുത സമുദായങ്ങൾ അഭ്യുദയത്തെ പ്രാപിച്ചതെന്ന് നമുക്കു പ്രത്യക്ഷത്തിൽ അറിയാവുന്നതാണ്.

എന്നാൽ കേരളവാസികളായ സകല സമുദായങ്ങളേയും അപേക്ഷിച്ച് പൂർവ്വികമായിത്തന്നെ വിദ്യാഭ്യാസവിഷയത്തിൽ പ്രവൃത്തിച്ചുപോരുന്ന ഈ "ഗണകസമുദായം" അതിന്റെ ചുററും വേഗത്തിൽ വളർന്നുവരുന്ന ഇതരസമുദായങ്ങൾ അതിനെ മൂടത്തക്കവണ്ണം ആയിരുന്നിട്ടും അതൊന്നും അറിയുന്നില്ല എന്ന ഭാവത്തിൽ വിദ്യാഭ്യാസവിഷയത്തിൽ ആകട്ടെ ധനസമ്പാദനത്തിൽ ആകട്ടെ മറെറാരു വിധത്തിലും യാതൊരുന്നതിയും ആവശ്യമില്ലെന്നുള്ള നിലയിൽ അതിന്റെ അടിമയാകുന്ന അവസ്ഥയെ തന്നെ ഇഷ്ടപ്പെട്ടും ഇതരസമുദായങ്ങൾക്ക് പരിഹാസപാത്രമായ വിധം അധോമുഖമായി പ്രവർത്തിച്ച് ക്ഷണം പ്ര

തി താണുപോകുന്നു. "ഒരു കണിയാരെ ലണ്ടൻ പട്ടണത്തിൽ വിട്ടാൽ അവൻ എത്രനാൾ അവിടെ താമസിച്ചാലും അവിടെയുള്ള വിശേഷങ്ങൾ ഒന്നും കാണുകയില്ലെന്നും, കുട മറച്ചുപിടിച്ചു നടന്നുകളയുമെന്നും" ഒരു മഹാൻ പത്തുകൊല്ലത്തിനു മുൻപു എന്നോടു പറഞ്ഞിട്ടുണ്ടായിരുന്നു. നമ്മുടെ സമുദായസ്ഥിതി ഓർത്താൽ അത് എത്ര വാസ്തവമായിരിക്കുന്നു. ഇപ്രകാരമുള്ള ശോച്യാവസ്ഥയെ പരിഹരിച്ച് ഈ വംശോദ്ധാരണം ചെയ്യുന്നത് അത്ര ക്ഷണസാധ്യമല്ലെങ്കിലും ഇതരസമുദായങ്ങളുടെ ഉന്നമനമാർഗ്ഗത്തെ ആശ്രയിച്ച് നാമും പരിശ്രമിക്കേണ്ടത് കർത്തവ്യകർമ്മമാണെന്നുള്ള വിചാരം സമുദായസ്നേഹികളായ പല സജാതീയന്മാരുടെ ഹൃദയങ്ങളേയും പല നാൾ ഇളക്കിക്കൊണ്ടിരുന്നതിന്റെ ഫലമായി. വേങ്ങൽ-കെ. ജി. ഇട്ടിവൈദ്യർ ൧൦൮൫-മകരം ൧൦-ാംതീയതി നടത്തിയ തന്റെ പുത്രിയുടെ താലികെട്ട് കല്യാണം പ്രമാണിച്ചു പലദേശങ്ങളിൽ നിന്നും മാന്യന്മാരായ സജാതീയന്മാരെ ക്ഷണിച്ചുവരുത്തുകയും വിവാഹാനന്തരം പ്രസ്തുത സമുദായത്തിന്റെ ഉദ്ധാരണാർത്ഥം ഒരു സംഘത്തിന്റെ ആവശ്യകതയെക്കുറിച്ചു പ്രസ്താവിക്കയും മാന്യന്മാരായ പലരും അതിനെ സ്വീകരിക്കയും. ആദ്യനം കെ. ആർ. ഗോവിന്ദൻ വൈദ്യരവർകളുടെ അദ്ധ്യക്ഷതയിൻ കീഴിൽ ഒരു ആലോചനസംഘം നടത്തുകയും ചെയ്തു. താമരക്കുളം കൊച്ചുശങ്കരവൈദ്യരവർകൾ, കോട്ടയ്ക്കകം പത്മനാഭൻ കണിയാരവർകൾ, ഉള്ളന്നൂർ ഗോവിന്ദൻ വൈദ്യരവർകൾ, പുതിയകാവിൽ നാണു വൈദ്യരവർകൾ, കരിപ്പുഴ കൃഷ്ണൻ ജ്യോത്സ്യരവർകൾ, ഈരേഴ, ഉമ്മിണി വൈദ്യരവർകൾ പുലിയൂർ, കൊച്ചുകുഞ്ഞു ജ്യോത്സ്യരവർകൾ, പന്തളം കൊച്ചുരാമപ്പണിക്കരവർകൾ, കാരാപ്പുഴ കുഞ്ഞുകുഞ്ഞു വൈദ്യരവർകൾ, കിഴ്‌വായ്പൂർ കുമരി ജ്യോത്സ്യരവർകൾ, കുളത്തൂർ കൃഷ്ണൻ ജ്യോത്സ്യരവർകൾ, കോററാത്തൂർ കേശവൻ ജ്യോത്സ്യരവർകൾ, കൊട്ടപ്പുറം, രാമൻ ജ്യോത്സ്യരവർകൾ, തുടങ്ങിയുള്ള പല മഹാന്മാരും ആ സംഘത്തിൽ സന്നിഹിതരായിരിക്കയും നമ്മുടെ വംശോദ്ധാരണത്തിനായി ഒരു സംഘം ഏർപ്പെടുത്തുകയാണ് ഒന്നാമതായി ചെയ്യേണ്ടതെന്നും അതിലേക്കു കുലഗുരുവായ പാഴൂർ. പി. എസ്സ്. കുഞ്ഞുരാമൻ ജ്യോത്സ്യരവർകളെ ഉടനെ വിവരം ഗ്രഹിപ്പിച്ച് താമസിയാതെ സംഘം നടപ്പിൽ വരുത്തണമെന്നും മററും ആർ ഗോവിന്ദൻ വൈദ്യരവർകൾ സരസമായും സാരഗർഭമായും ചെയ്ത പ്രസംഗത്തെ എല്ലാവരും ഐകകണ്ഠ്യേന സമ്മതിച്ച് സഭ പിരികയും ചെയ്തു. അനന്തരം കോട്ടയ്ക്കകം പത്മനാഭൻ കണിയാരവർകളുടെ പരിശ്രമത്താൽ ൮൬-ചിങ്ങം ൨൦-ം ൨൧-ം തീയതികളിൽ പാഴൂർ. പി. എസ്സ്. കുഞ്ഞുരാമൻ ജ്യോത്സ്യരവർകളുടെ അദ്ധ്യക്ഷതയിൻ കീഴിൽ തിരുവിതാംകൂർ ഗണകസമാജം എന്ന പേരോടുകൂടി മാവേലിക്കര വച്ച് ഒരു യോഗം നടത്തുകയും അതിൽ മുൻപറഞ്ഞ മഹാന്മാരിൽ ഏതാനും ആളുകളും മററുപല മഹാന്മാരും സന്നിഹിതരാകയും ചെയ്തു. ആ യോഗനടപടികൾ റിപ്പോർട്ട് മൂലം ഗ്രഹിക്കാ

വുന്നതാകയാൽ ഇവിടെ അതു് പ്രത്യേകം വിവരിക്കുന്നില്ലാ. എങ്കിലും യോഗനിശ്ചയങ്ങളെക്കുറിച്ച് ആലോചന നടക്കുകയും യോഗം വളരെ ഭംഗിയായി കലാശിക്കയും ചെയ്തു. അടുത്ത യോഗം ടി. ആണ്ടു് മേടമാസത്തിൽ പാഴൂർ വച്ച് നടത്തണമെന്നു് പി. എസ്സ്. കുഞ്ഞുരാമൻ ജോത്സ്യരവർകൾ ആവശ്യപ്പെട്ടതിനെ എല്ലാവരും ഐകരൂപ്യം സമ്മതിച്ച് സഭ പിരികയും ചെയ്തു. മുൻനിശ്ചയമനുസരിച്ച് ൧൦൯൯-മേടം ൨൭-ം, ൨൮-ം, ൨൯-ം തിയതികളിലായി "പാഴൂർ പടിപ്പുരയിൽ" വച്ച് പി. എസ്. കുഞ്ഞുരാമൻ ജ്യോത്സ്യരവർകളുടെയും രാജശ്രീ.കാ. കണ്ണൻ നായരവർകളുടേയും അദ്ധ്യക്ഷതയിൻകീഴിൽ തിരുവിതാംകൂർ, കൊച്ചി, എന്നീ രണ്ടു സംസ്ഥാനങ്ങളിലുമുള്ള സജാതിയന്മാരുടെ ഒരു മഹായോഗം നടത്തിയ വിവരം മേല്പറഞ്ഞ രണ്ടു സംസ്ഥാനങ്ങളിലും സുപ്രസിദ്ധമായിട്ടുണ്ടെങ്കിലും ഈ യോഗത്തിന്റെ ആവശ്യകതയും ഉദ്ദേശങ്ങളും ഈ സമുദായം ഒട്ടുക്കു് മനസ്സിലാകുന്നതിനും ആചരിക്കുന്നതിനും സാധിച്ചിട്ടില്ലാഴികയാൽ സമാജഭാരവാഹികളുടെ പരിശ്രമത്തിന് തക്കഫലം സമുദായത്തിൽ സിദ്ധിക്കുന്നില്ലാ. അതിനാൽ ഈ സമാജം വകയായി ഒരു മാസികകൂടി നടപ്പിൽ വരുത്തുന്നതായാൽ ഉദ്ദേശനിവൃത്തിയ്ക്കു് പല വിധത്തിലും സഹായമായിരിക്കുമെന്നു് പല യോഗ്യന്മാരും അഭിപ്രായപ്പെട്ടതിനാൽ മാസികയെ സംബന്ധിച്ച് പൊതുജനാഭിപ്രായം അറിയുന്നതിനും വരിക്കാരുടെ സംഖ്യയെ ഉദ്ദേശിക്കുന്നതിനുമായി പാഴൂർനിന്നും പി. എസ്. കുഞ്ഞുരാമൻ ജ്യോത്സ്യരവർകൾ ഒരു വിജ്ഞാപനവും ലിസ്റ്റും കൊടുത്തു കഴിഞ്ഞ കർക്കടകം ചിങ്ങം എന്നീ രണ്ടുമാസങ്ങളിലായി ഒരാളിനെ സഞ്ചരിപ്പിച്ചിരുന്നു. വിശിഷ്യ ഈ മാസികയുടെ നടത്തിപ്പിലേക്കായി തൽകാലം അൻപതു ഓഹരിക്കാർ ചേൎന്നു ഓരോ ഓഹരിയിൽനിന്നും അഞ്ചു രൂപാവീതം ആകെ ൨൫൦ രൂപാ വസൂലാക്കിയ ശേഷം മാസികയാരംഭിക്കണമെന്നും മററും പ്രസ്തുത വിജ്ഞാപനത്തിൽ വിവരിച്ചിട്ടുണ്ടായിരുന്നതനുസരിച്ച് ൱ ഓഹരിക്കാർ ലിസ്റ്റിൽ ഒപ്പുവയ്ക്കയും മുന്നൂറിൽ അധികം വരിക്കാർ ചേരുകയും ചെയ്തു. ഇനിയും പ്രസ്തുത വിജ്ഞാപനം അച്ചടിപ്പിച്ച് പരസ്യം ചെയ്താൽ മതിയെന്നു് ഇതിന്റെ ഭാരവാഹികൾക്കു് അഭിപ്രായമുണ്ടായതിനാൽ സഞ്ചാരത്തിൽനിന്നും ആ ആളിനെ വിരമിപ്പിക്കയും ചെയ്തു. തദവസരത്തിൽ വേറൊരതിമോഹംകൂടി ഇതിന്റെ ഭാരവാഹികളിൽ അങ്കുരിച്ചു. അതാസ്സു് നമ്മുടെ അന്നദാതാവായ **പൊന്നുതമ്പുരാൻ** തിരുമനസ്സിലേയും അവിടുത്തെ പ്രജകളായ ഈ രാജ്യനിവാസികളുടേയും ഭാഗ്യരൂപമായി **ചിത്തിരതിരുനാൾ** തിരുവവതാരം ചെയ്തരുളിയ യുവരാജാവു് തിരുമനസ്സിലെ ആട്ടത്തിരുനാൾ പ്രമാണമാക്കി ഈ തുലാമാസം ൨൫-ാം തീയതി ആയ ഇന്നേദിവസം ഈ മാസിക പ്രസിദ്ധപ്പെടുത്തണമെന്നുള്ള അത്യുത്സാഹമാണു്.

തന്നിമിത്തം വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനൊ പ്രസിദ്ധന്മാരായ ലേഖകന്മാരുടെയും മററും സഹായങ്ങൾ വേണ്ടുംപോലെ ലഭിക്കുന്നതിനൊ ആവശ്യപ്പെട്ട എല്ലാ മഹാത്മക്കളേയും വിവരം ഗ്രഹിപ്പിക്കുന്നതിനൊ സാധിച്ചില്ലെന്നാലും മേല്പറഞ്ഞ ശുഭദിവസം നഷ്ടപ്പെടുത്താതെ ഏതു വിധം എങ്കിലും ഈ പ്രാരംഭ മാസികയെ പ്രസിദ്ധപ്പെടുത്തണമെന്നുള്ള നിർബ്ബന്ധബുദ്ധിയെമാത്രം ആസ്പദമാക്കി ഇതു് ധൃതിയിൽ പുറപ്പെടുവിക്കുന്നതാണെന്നും കൂടി ഇവിടെ പ്രസ്താവിച്ചു കൊള്ളുന്നു.

നാം ഇപ്പോൾ ആരംഭിച്ചിരിക്കുന്നതായ സഭയുടെ ഉദ്ദേശങ്ങളും അതാതുയോഗങ്ങളിൽ ഉണ്ടാകുന്ന നടപടികളും ഈ സമുദായത്തിന് മാത്രമല്ല ഇതരസമുദായങ്ങൾക്കു കൂടിയും വഴിപോലെ ഗ്രഹിക്കുന്നതിനും വിദ്യാഭ്യാസവിഷയത്തിലും മററും അഭ്യുന്നതിക്ക് വേണ്ട എല്ലാ വിഷയങ്ങളിലും ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ സമുദായത്തിന്റെ താൽക്കാലികാവസ്ഥക്കും സമുദായം വകയായി ഒരു മാസിക നടപ്പിൽ വരുന്നതു് സഭയുടെ രക്ഷയ്ക്കും സമുദായത്തിന്റെ അഭിവൃദ്ധിക്കും ഒരു ഉത്തമമാർഗ്ഗമാണെന്നുള്ളതു് ഏവർക്കും സമ്മതമുള്ളതായിരിക്കുമെന്ന് ഞങ്ങൾവിശ്വസിക്കുന്നു. എന്നാൽ വിദ്യകൊണ്ടും ധനംകൊണ്ടും ജനസംഖ്യകൊണ്ടും ഈ സമുദായത്തേക്കാൾ എത്രയോ ശ്രേഷ്ഠതരങ്ങളായ സമുദായങ്ങളാലും എല്ലാപ്രകാരത്തിലും യോഗ്യത സിദ്ധിച്ചിട്ടുള്ള മഹാന്മാരാലും നടത്തപ്പെട്ട എത്ര പത്രങ്ങളും മാസികകളും ഇപ്പോൾ നാമാവശേഷങ്ങളായിരിക്കുന്നു. ആ സ്ഥിതിക്ക് പല പ്രകാരത്തിലും ക്ഷീണതയെ പ്രാപിച്ചും അധോഗതിയിൽ അകപ്പെട്ടുമിരിക്കുന്ന ഈ സമുദായത്താൽ മഹത്തമായ ഈ കൃത്യം ഏതുവിധം നിറവേററുമെന്നുള്ള ജിജ്ഞാസ പലരുടേയും ആലോചനയ്ക്കു് വിഷയമായിട്ടുണ്ടെന്നു ചില മഹാന്മാർ അയച്ചു തന്നിട്ടുള്ള എഴുത്തുകൾ കൊണ്ടും മററും വെളിവായിട്ടുണ്ടു്. എന്നാൽ ഈ ആലോചന ഇതിന്റെ ഭാരവാഹികൾക്കും ഇല്ലാതിരിക്കുന്നില്ല. എന്തെന്നാൽ ഒരു മാസികയുടെയോ പത്രത്തിന്റെയോ മാന്യതയും പ്രചാരവും അതിൽ അന്തർഭവിച്ചിരിക്കുന്ന വിഷയങ്ങളേയും അവയെ എഴുതുന്ന ലേഖകന്മാരുടെ യോഗ്യതയേയും ആശ്രയിച്ചാണിരിക്കുന്നതു്. പ്രസ്തുതസമുദായത്തിൽനിന്നും ലേഖകന്മാരുടെ സഹായം ദുർല്ലഭമായിരിക്കകൊണ്ടും അമിതവ്യയം ചെയ്തു് അന്യന്മാരെക്കൊണ്ടു് സാധിക്കുന്നതിനുള്ള ശക്തി തൽക്കാലം സമുദായത്തിനു ലഭിച്ചിട്ടില്ലായ്കയാലും ഉണ്ടാകാവുന്ന കുഴപ്പം ഈ മാസികയുടെ ബാലാരിഷ്ടതകളിൽ പ്രധാനമായിട്ടുള്ളതാണു്. ഇതിലേക്കു വല്ല സഹായവും ചെയ്യാമെന്നുള്ളവരെക്കൂടി വിമുഖന്മാരാക്കത്തക്ക ദുരഭിപ്രായക്കാർ ഇടയ്ക്കിടെ ഉണ്ടെന്നുള്ളതും അപ്രധാനമല്ലാത്ത ഒരു പ്രതിബന്ധം തന്നെ. പക്ഷെ അങ്ങിനെയുള്ള തടസ്ഥങ്ങൾ ഇതിന്റെ ഭാരവാഹികളുടെ ഉത്സാഹത്തിന് ദൃഢീഭാവം കൊടുക്കുന്നതാകയാൽ അതു് മേൽപറഞ്ഞ അരിഷ്ടതയുടെ ചികിത്സ

യാണെന്നല്ലാതെ തൽകാലം ഞങ്ങൾ വിചാരിക്കുന്നില്ല. എങ്കിലും ഉദാരശീലന്മാരായ മഹാത്മാക്കളുടെ ആനുകൂല്യവും സമുദായാഭിമാനികളായ സജാതിയന്മാരുടെ സഹായവും ഇതിലേക്ക് വേണ്ടവണ്ണം ഉണ്ടാകുന്നില്ലെങ്കിൽ ഇതു് സമുദായത്തിന്ന് പരിഹാസപാത്രമാകുവാൻ ഇടയുണ്ടെന്നു ഞങ്ങൾ കാലെക്കൂട്ടി പറഞ്ഞു കൊള്ളുന്നു. ഈ ഭയം ഞങ്ങളെ ബാധിച്ചതു നിമിത്തമാണ് തല്ക്കാലം ഓഫരിപിരിച്ചെടുക്കാതെ ഈ വിഷയത്തിൽ പ്രവേശിച്ചതെന്നു കൂടി ഇവിടെ പ്രസ്താവിച്ചു കൊള്ളുന്നു. അതിനാൽ സമുദായം ഒട്ടുക്കും ഇതിൽ അനുകൂലമായി നിന്നു് അവരവരാൽ കഴിവുള്ളേടത്തോളം വരിക്കാരെ ചേർത്തു അവരുടെ മേൽവിലാസങ്ങൾ അയച്ചുതരികയും ഗദ്യങ്ങളായോ പദ്യങ്ങളായോ ഉപയോഗമുള്ള ലേഖനങ്ങൾ എഴുതിയും എഴുതിച്ചും അയച്ചുതരികയും ചെയ്തു് ഈ മസികയെ പരിഹാസപാത്രമാക്കാതെ ഇതിന്റെ ശ്രേയസ്സിന്ന് വേണ്ട എല്ലാ സഹായങ്ങളും ചെയ്തുതരണമെന്നു എല്ലാ മഹാത്മാക്കളോടും വിശിഷ്യ ഗണകസമുദായം ഒട്ടുക്കുള്ളവരോടും പ്രത്യേകം അപേക്ഷിച്ചും കൊണ്ടും ഈ മാസിക നിർവിഘ്നം പ്രചരിച്ചു സമുദായത്തിൽ വേണ്ട സൽഗ്ഗുണങ്ങളെ വേഗത്തിൽ വർദ്ധിപ്പിക്കണമെന്നു് ഈശ്വരനെ പ്രാർത്ഥിച്ചുകൊണ്ടും ഈ പ്രസ്താവനയെ ഇവിടെ സമാപിപ്പിച്ചു കൊള്ളുന്നു.

പത്രാധിപർ

കാഞ്ഞിരവേലിൽ കെ. എൻ. കൃഷ്ണൻ ജ്യോത്സ്യർ.

# റിപ്പോർട്ട്

൧൦൮൮-മേടം ൨൫-ാം തീയതി പാഴൂർ പടിപ്പുരയിൽ വച്ചു നടന്ന ഒന്നാമത്തെ വാൎഷികയോഗത്തിൽ വായിച്ചതു്.

൧൦൮൮ ചിങ്ങം ൨൪-ം. ൨൫-ം തീയതികളിൽ മാവേലിക്കര വച്ചു നടന്ന ഗണകമഹായോഗത്തിന്റെ റിപ്പോൎട്ട്.

അല്ലയോ മഹാജനങ്ങളെ! എല്ലാ വിധത്തിലും അല്പജ്ഞനായ ഞാൻ നിങ്ങളുടെ മുൻപാകെ ഈ വിധമുള്ള ഒരു മഹായോഗത്തിന്റെ റിപ്പോൎട്ട് തയാറാക്കി വായിക്കുന്നതു് ഒരു വിധത്തിലും നന്നായിരിക്കയില്ലെങ്കിലും ഒഴിച്ചുകൂടാത്ത ആ ഭാരം എന്നിലിരിക്കുന്നതുകൊണ്ടു് അതിലേക്കു് ഞാൻ പ്രവേശിക്കുന്നതിനാൽ ഇതിലുണ്ടാകുന്ന തെറ്റുകളെ ക്ഷമിച്ചുകൊള്ളണമെന്നു സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

൧൦൮൭ മകരം ൬-ാം തീയതി തിരുവല്ലാ വേങ്ങൽ ഇട്ടിവൈദ്യൻ അവൎകളുടെ പുത്രിയുടെ താലികെട്ടു കല്യാണം നടത്തി. അന്നു നമ്മുടെ വൎഗ്ഗത്തിൽ നിന്നും ഉദ്ദേശം എണ്ണൂറിലധികം ജനങ്ങൾ ചേരുകയും കല്യാണം നാലു ദിവസം ആഘോഷപൂൎവ്വം കൊണ്ടാടുകയും മിസ്റ്റർ വൈദ്യന് ഏകദേശം ആയിരത്തഞ്ഞൂറു രൂപായിൽ കുറയാതെ ചില വായിട്ടും ഉണ്ടു്. ഈ കാലങ്ങളിൽ കല്യാണ അടിയന്തിരങ്ങൾക്കും മറ്റും സദ്യകൾ നടത്തി ധനം ചിലവു ചെയ്യുന്നതു കഥയില്ലായ്മയാണെന്നു പരിഷ്കൃതലോകം ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു് ഈ കാൎയ്യങ്ങൾ ധരിച്ചിരിക്കുന്ന വൈദ്യനവൎകൾ ഈ വിധം ദ്രവ്യയം ചെയ്യുന്നതു് എന്താണെന്നു പലരും പറകയുണ്ടായി. അതിന്റെ ഫലമായിട്ടു തീൎന്നതു് നമ്മുടെ മഹാ യോഗമാണു്. അതു് എന്തെന്നാൽ കല്യാണത്തിനു വന്നിരുന്നവരിൽ പല യോഗ്യന്മാരും കൂടിച്ചേൎന്നു നമ്മുടെ സമുദായത്തിന്റെ ശോചനീയമായ അവസ്ഥയെ ആലോചിക്കുകയും കല്യാണം കഴിഞ്ഞതിന്റെ അടുത്ത ദിവസം മിസ്റ്റർ വൈദ്യന്റെ ഉത്സാഹത്താൽ ടിയാന്റെ ഭാരത വൈദ്യശാലയിൽ വച്ചു് അസ്റ്റനത്തിൽ ആർ. ഗോവിന്ദൻ വൈദ്യരവൎകളുടെ അദ്ധ്യക്ഷതയിൽ ഒരു ആലോചനസഭ നടത്തുകയും താമസിയാതെ പാഴൂർ കുഞ്ഞുരാമൻ ജോത്സ്യരവൎകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടി വേണ്ട കാൎയ്യങ്ങൾ അന്നു ആലോചിച്ചു തീൎച്ചപ്പെടുത്തേണം എന്നു നിശ്ചയിച്ചു സഭ പിരികയും ചെയ്തു. അതിനാൽ വൈദ്യൻ അവൎകൾ ഇതിലേക്കു ഒരു കാരണഭൂതൻ ആകുന്നു.

പിന്നീടു ഞാൻ കുഞ്ഞുരാമൻ ജോത്സ്യർ അവർകൾക്ക് ഈ വിവരത്തിനും പൊതുയോഗത്തിൻെറ സംഗതികൾക്കും വിശദമായി എഴുതയക്കുകയും അദ്ദേഹത്തിൻെറ അനുകൂലമായ മറുപടികിട്ടിയതിൽ പിന്നീടാണ് ചിങ്ങമാസത്തിൽ യോഗത്തിന് ഉത്സാഹിച്ചു തുടങ്ങിയതു്. ആദ്യത്തെ യോഗത്തിനു തിരുവനന്തപുരം മുതൽ പാഴൂർ വരെയുള്ള നമ്മുടെ സമുദായത്തിലെ മിക്കയോഗ്യന്മാരും സന്നിഹിതരായിരുന്നു. ഒന്നാമത്തെ ദിവസം അതായതു ൧൦൮൮-ചിങ്ങം-൨൪-ാം തീയതി മാവേലിക്കര മലയാളംസ്കൂളിൽ വച്ചു് പാഴൂർ കഞ്ഞുരാമൻ ജ്യോത്സ്യരവർകളുടെ അദ്ധ്യക്ഷതയിൽ യോഗം നടത്തുകയും ആ യോഗത്തിൽ മേല്പറഞ്ഞ ആളുകളെ കൂടാതെ മററു പല മാന്യന്മാരും സന്നിഹിതരായിരുന്നു. കാര്യപരിപാടി അനുസരിച്ചു് കെ. ഗോവിന്ദൻ വൈദ്യൻ അവർകൾ നമ്മുടെ അപരിഷ്കൃത സ്ഥിതിയെപ്പററി ഒരു വാചാപ്രസംഗം ചെയ്കയും അയ്യനത്തിൽ ആർ ഗോവിന്ദൻ വൈദ്യരവർകൾ ധനാഭിവൃദ്ധിയെപ്പററി വേറൊരു വാചാപ്രസംഗം ചെയ്കയും നാരായണപിള്ള അവർകൾ കണികളുടെ പ്രാചീനാവസ്ഥയെപ്പററിയും കല്ലുറ്റ്പ്പാറ നാരായണൻ വൈദ്യരവർകൾ വിദ്യാഭ്യാസത്തെക്കുറിച്ചും ഈരേഴ കുഞ്ഞുകുഞ്ഞു കണിയാരവർകൾ പരിഷ്കൃത വിദ്യാഭ്യാസത്തെക്കുറിച്ചും ഓരോ പ്രസംഗങ്ങൾ എഴുതിവായിക്കയും രണ്ടാംദിവസം അതായതു ചിങ്ങം ൨൭-ാം തീയതി കോട്ടയ്ക്കകത്തു കുളത്തിൻെറ കിഴക്കേതിൽ മേല്പറഞ്ഞ കുഞ്ഞുരാമൻ ജ്യോത്സ്യരവർകളുടെ അദ്ധ്യക്ഷതയിൽ പകൽ ൧൨-മണിക്കു് യോഗം ആരംഭിക്കുകയും ആണ്ടിൽ ഒരു പ്രാവശ്യം എങ്കിലും ഒരു മഹായോഗം നടത്തണമെന്നും അടുത്ത യോഗം മേടമാസത്തിൽ പാഴൂർ വച്ചു നടത്തണമെന്നും തീരുമാനിച്ചതു കൂടാതെ സ്ഥിരസഭാനാഥനായി പാഴൂർ പടിപ്പുരയിൽ കുഞ്ഞുരാമൻ ജ്യോത്സ്യരവർകളേയും സിക്രട്ടറിയായി കോട്ടയ്ക്കകം പത്മനാഭൻ കണിയാരവർകളെയും ഖജാൻജിയായി അയ്യനം ആർ. ഗോവിന്ദൻ വൈദ്യരവർകളേയും മാനേജിങ്ങ് കമ്മററിമെമ്പറന്മാരായി പേപ്പതിക്കൽ കുഞ്ഞുരാമൻ ജ്യോത്സ്യരവർകൾ വരിക്കോലിൽ കൃഷ്ണൻ ജ്യോത്സ്യരവർകൾ വടയാററ കൊച്ചുകുഞ്ഞു ജ്യോത്സ്യരവർകൾ കാരാപ്പുഴ കുഞ്ഞുകുഞ്ഞു ജ്യോത്സ്യർ അവർകൾ വേങ്ങൽ ഇട്ടി വൈദ്യരവർകൾ പുളിമേലി കുഞ്ഞുരാമൻ ജ്യോത്സ്യരവർകൾ പുച്ചിയൂർ കൊച്ചുകുഞ്ഞു ജ്യോത്സ്യരവർകൾ കാത്തികപ്പള്ളി നാരായണൻ വൈദ്യരവർകൾ കൊട്ടുവിള കൃഷ്ണൻ ജ്യോത്സ്യരവർകൾ കാവാലം കേശവൻ വൈദ്യരവർകൾ തയ്ക്കാട്ടു പത്മനാഭൻ കണിയാരവർകൾ ഇങ്ങനെ അദ്ധ്യക്ഷൻ ഉൾപ്പെടെ പതിനഞ്ചു പേരെ തിരഞ്ഞെടുത്തു നിയമിക്കയും ചെയ്തു. പിന്നീടു വി. ജി. കൊച്ചുകൃഷ്ണനാശാനവർകൾ നമ്മുടെ സമുദായ സ്ഥിതിയെപ്പററി ഒരു പദ്യപ്രബന്ധം എഴുതി വായിക്കുകയും മററു ചിലർ ഓരോ പദ്യങ്ങളും പ്രസംഗങ്ങളും എഴുതി ഹാജരാക്കുകയും ചെയ്തു. വിസ്തരഭയത്താൽ അവയെ വിവരിക്കുന്നതിനു ഇടയാകാത്തതിൽ വ്യസനിക്കുന്നു.

എം. കെ. പത്മനാഭൻ കണിയാർ.

# യുവരാജതിരുനാൾമംഗളാശംസകൾ.

ശ്രീ പാദമാം നിജപുര പ്രവരത്തിനുള്ളിൽ
ശ്രീ പാദപത്മമതുകൊണ്ടതി ശോഭ നൽകും
ശ്രീ പാദഭക്തനമലൻ യുവരാജ ബാലൻ
ശ്രീ പാർവ്വതി കൃപ കലർന്നു വളർന്നിടട്ടേ.

ക്ഷോണിക്കു രംഗമിഴിയാളണിയുന്നതായ
മാണിക്യമാം മണികൾ കോർത്തൊരു മാലയിങ്കൽ
പ്രാണിപ്രിയം വിതറിടും നടുനായകക്ക
ല്ലാണിന്ദ്രതുല്യ യുവരാജകുമാരരത്നം.

വിരുതെഴുന്നൊരു ,,രാജകുമാര,,നി
ന്നൊരുവയസ്സു തികഞ്ഞ മഹോത്സവം
തരുവതൊണ്ടുമുദം ജനതയ്ക്കു് നൂ
റ്റിരുവതാണ്ടിതുപോലെ നടക്കണേ.

വറ്റു മാറ്റേറിയ പൊന്നിനുള്ളതാം
നിറത്തിനൊക്കുന്നൊരു പൊന്നുതമ്പുരാൻ
ഉറപ്പിലാക്കിക്കുലനാമധേയമെ
ന്നുറച്ചു ചൊല്ലുന്നു ജനങ്ങളൊക്കെയും.

ചിത്രഭാനു സമനായു് വളർന്നിടും
ചിത്രനാളിലവതാരമാർന്നിടും
അത്ര വഞ്ചിയുവരാജപുംഗവൻ
ഗോത്രഭിത്തിനു സമാനനാവണേ.

വഞ്ചിരാജ ശിശുവിൻ മുഖാംബുജ
ത്പുഞ്ചിരി പ്രഭകൾ കൊണ്ടു വിഷ്ടപേ
സഞ്ചിതാന്ധതമസത്തെ നീക്കിയാൽ
നെഞ്ചിലുള്ള മുദമോതിടാവതോ.

രമാപതിക്കുള്ള കൃപാവിശേഷ
പ്രമാണരൂപേണ സമുല്ലസിക്കും
ക്ഷമാതലേ "പാർവ്വതി രാജ്ഞി,, പെററ
കുമാര വീരൻ വിജയിച്ചിടട്ടെ.

മുരാരി ദാസോത്തമനായിരിക്കും
സുരാധിപ പ്രാഭവമാർന്നിരിക്കും
നരാധിരാജൻ യുവരാജ ധീരൻ
ചിരായുരഗ്രേസരനായ് വരട്ടെ.

വൈദ്യൻ സുബ്രഹ്മണ്യൻ മൂത്തത്.

ധന്യൻ, ശ്രീ മൂലഭൂപാലകനമലഗുണാംഭോധിരാകാശശാങ്കൻ
മന്നിൽ തിങ്ങിച്ചരിയ്ക്കും പ്രജകളെയനിശം കാത്തുരക്ഷിച്ചുമേവും
വർണ്ണ്യൻ, സല്ലോകവന്ദ്യൻ തിരുവടിയുടെ സൽക്കർമ്മശക്ത്യാധരിത്രീ
പുണ്യത്തെങ്കത്തിടമ്പിൻമൃദുപദയുഗളംകാൺക, നാം കൺകുളുർക്കെ

ഭൂരിശ്രീ പൂണ്ടനന്താമലനഗരമതിൽ സാർവ്വഭൗമപ്രഭാവം
ധീരത്വംകൊണ്ടുനേടിപ്രതിദിനമവനീ പാലനം ചെയ്തുമേന്മേൽ
തീരെശ്രീകെട്ടവർക്കും ശുഭദശയരുളാൻ പാൽപയോരാശി തന്നിൽ
ത്തീരസ്ത്രീരത്നമുൾക്കൺമണിമുനവിടുകന്നൊന്നപേക്ഷിച്ചിടുന്നേൻ.

ആററുങ്ങൽതിരുമേനി തന്നിരുവയർത്തങ്കതടത്തിൽജനി
ച്ചേററം കാന്തികലന്ന പൊൻകുളുർകളന്തയ്ക്കായുരാരോഗ്യവും
ന്നൂററാണ്ടേക്കു കൊടുത്തുതൻപ്രജകളേനോക്കീടുമാറെന്നുമെൻ
പോററീ! മാധവ! പത്മനാഭ! കൃപയാ കാത്തീടുവാൻമംഗളം.,,

ആരാണോമൽക്കരുന്നിൻ കുളുർമതിവദനംകണ്ടുതൃപ്തിപ്പെടുന്നി
ല്ലേപ്പാരാളും കോമളപ്പൂമുടിനടുമണിയാം രാജബീജപ്പൊടിപ്പേ!
നീരാടും പ്രീതിവാരാന്നിധിനടുവിൽ നിരാതങ്കമീലോകരെല്ലാം
താരാടുംദേവവൃന്ദം ശിശുശിരസിസുധാവൃഷ്ടിചെയ്യുംവിശേഷാൽ,,

വൈയ്യോൽത്തിന്നും പശുക്കുട്ടികൾ തവളവെറുങ്കാകന്തുമൻഭുജംഗ
ത്തയ്യോ ദുർബ്ബുദ്ധികൾക്കോ തലയിൽ ബത വരയ്ക്കുന്ന നീ ദീർഘകാലം
ദിക്കാകപ്പേർ പരന്നുള്ളൊരു നരപതിസമ്പത്തിനായുസ്സു നൽകാ
നാൾക്കാമ്പിൽപ്രീതികൈക്കൊള്ളണമതിനുസദാവന്ദനം പത്മയോനേ!

സ്രഷ്ടാവേ! ദൃഷ്ടികോണം തരിക തിരുവയസ്സൊന്നിതാ വന്നുകൂടി
മിത്രാമാത്യാദിവൎഗ്ഗങ്ങളിലമിതരസം ചേൎത്തുകീൎത്ത്യാസമേതം
ചിത്രാനക്ഷത്രജാതൻ നൃപകുലതിലകൻ സൽപ്രജാക്ഷേമമേകി
സ്സുത്രാമാവെന്നപോലീവസുമതിയെവഹിക്കേണമാചന്ദ്രതാരം.

കെ. ആർ. ഉമ്മുട്ടി വൈദ്യൻ

ആററങ്ങൽതിരുമേനിമാരിരുവരിൽരണ്ടാമതായുള്ളൊരാ
മാററേറും വരരാജ്ഞിപെററമഹിമശ്രീ. ബാലഭൂപാലകൻ
എററാമംഗളമോടഭംഗുരയശസ്സാൎജ്ജിച്ചു സദ്വൃത്തരേ
പ്പോററി ത്താററിയ സജ്ജനങ്ങളെ, യസാമാന്യം വിളങ്ങീടണം

ശ്രീമൂലക്ഷിതിപാലപാലനമൊഴിഞ്ഞീടുമ്പൊഴെന്നേബ് ഭരി
ച്ചീമാന്യസ്ഥിതിചേൎത്തിടുന്നതിതുപോലാരാണു നാരായണാ!
ഭൂമീദേവിയിവണ്ണമോൎത്തു വിലപിക്കുമ്പോൾ ജനിച്ചുള്ളൊരി
ശ്രീമാൻ "ചിത്തിരതാരജാതയുവഭൂപേന്ദ്രൻ" ജയിച്ചീടണം.

ഇപ്പാരപ്ലേതരം പിന്നൊരു ശകലമിടാതാകെ, യെന്നാണു പാൎത്താൽ
കല്പാന്തത്തിൽത്തിരത്തള്ളിടയിലലികയെന്നുള്ള, തന്നാൾവരയ്ക്കും
ഇപ്പോൾ നാം കണ്ടിടുന്നിത്തിരുയുവധരണീനാഥനീയൂഴിപാലി
ച്ചുൾപ്രേമം പൂണ്ടിരിപ്പാൻ ഫണിവരശയനസ്വാമി തൃക്കണ്ണിടട്ടേ.

കാഞ്ഞിരവേലിൽ കെ. എൻ. പത്മനാഭൻ കണിയാർ.
വിദ്യാൎത്ഥി.

ഇളയ മഹാരാജ്ഞിയിലീ
യിളയിൽ മുളച്ചുള്ള ബാലസന്താനം
മുളയട രാതീശ കൃപാ
വളമിട ചേൎന്നേറനാൾ വിളങ്ങട്ടേ.

ഓമല്ലൂർ കെ. ആർ. കേശവൻ ജോത്സ്യർ.

ശ്രീരാമവൎമ്മ യുവരാജന, ദിവ്യഭവ്യ
ശ്രീരാമദേവ! നവമാംതിരുനാളിലേകി.
നീരാമണീയത കലൎത്തി മുറയ്ക്കുമോലാ
ലോരാമയങ്ങളിടയാനിടയാക്കിടൊല്ലേ.

കെ. ആർ. നാണുവാശാൻ.

പഞ്ചാസ്യകാന്തി, യുവഭൂപവരൻ, യിന്ന നവ
മഞ്ചത്തിലേറി വിലസുന്നൊരു പത്മനാഭൻ
പൊന്നോമനിച്ചു തന്റെ കരതാരിലെടുത്തു പാലി,
പഞ്ചാര, തൊട്ടുഴിവുമേകി വളർത്തിടട്ടേ

കാറട. എൻ. ഗോപാലപിള്ള.

അരുമക്കുട്ടിയാം കൊച്ചു
തിരുമേനി, യനാമയം
ചിരകാലം വസിച്ചീടാൻ
മുരാരി തുണയ്ക്കണം.

കാവാലം കേശവൻ കണിയാർ നാക്കർ വൈദ്യൻ.

ചാരുശ്രീ ചേർന്നപൂർണ്ണപ്രഥമതവിളംതിങ്കൾ വർദ്ധിച്ചുവന്നു
താരാരിങ്കൽ ചേർത്തിടുംമാതിരിയിഹയുവഭൂപാലസൻഭാസുരാംഗൻ
ഭൂരിശ്രീയോടു വർദ്ധിച്ചുചിതസുഖരസം കേരളീയക്ക് പാരം
കോരിത്തൂകിച്ചിരംവാണരുളണമതിനായ് കണ്ണനെക്കൈതൊഴുന്നേൻ.

കോറാത്തൂർ കുഞ്ഞയ്യപ്പൻ.

മാരാരിദേവിയിതേ! കമനീയ കാന്തി
ധരാലയേ! കനിവിയന്നപരാപരേ! നീ
ചേരാവംശമഹിതാംകുരമായ, ബാല
ശ്രീരാമവർമ്മനൃപനിൽ, കൃപചേർക്കിടമ്മേ!

ആറന്മുള കെ. ലക്ഷ്മിക്കുട്ടി.

താരാന്താരമ്പനേന്തുംതിരുകടമിഴിയിൽ ചുട്ടചെങ്ങാതിതന്നോ
തെന്താരന്തോളം പിടിപ്പിച്ചിട്ടൊരു ധാവളാപാംഗി! ശൈലേന്ദ്രകന്യേ!
തങ്കശ്രീ "രാമവർമ്മാഭിധയുവനൃപതി,, ക്കായുരാരോഗ്യസമ്പൽ
സംപച്ഛ്രീവിദ്യശൌര്യാദികളെയവിരതം ചേർത്തു നീ കാത്തിടേണം.

ശ്രീരാമവിലാസം.

# മാസികാമംഗളങ്ങൾ

സീമവെടിഞ്ഞഴകിൽ „ശ്രീ
രാമവിലാസാഃ, ഖ്യമാസികാരത്നം.
ധീമദഭിഷ്ടുതമായി
ട്ടീമഹിതന്നിൽ ചിരംലസിക്കട്ടെ.

പന്തളത്തു. കേരളവമ്മ തമ്പുരാൻ.

സ്സശ്രീസൂരിസമൂഹസൂക്തിസുധികാസൽപദ്യഗദ്യങ്ങളാൽ
മിശ്രീഭൂത പരിഷ്കൃതി സ്ഥിതിപരം പ്രാപിച്ചു പാരിൽ ചിരം.
ആശ്രീകാന്തകൃപാകടാക്ഷമൊടനേകംകാലമന്യൂനയാ
യി „ശ്രീരാമവിലാസ„ മാസികവിളങ്ങീടട്ടെവിഖ്യാതയായ്.

പുലിയൂർ പി. എസ്സ്. പുരുഷോത്തമൻ പോററി

ക്ഷേമത്തം കലരുന്നകേരളമഹീ ദൈവജ്ഞരോടൊത്തുടൻ
കാമം „ഭാരത വൈദ്യശാല„ പരിപാലിക്കുന്ന വൈദ്യേശ്വരൻ.
സാമത്ഥ്യത്തൊടുമാസിമാസി ശുഭലഗ്നത്തിൽ ജനിപ്പിച്ചിട്ടും
„ശ്രീമദ്രാമവിലാസ„ മാസികജയിക്കട്ടേ,ജഗത്തിൽ ചിരം.

ഒറവുങ്കര ചെറിയശങ്കരൻ നമ്പൂരി.

ഈ മാസികകൽ വസിപ്പവക്കു സുഖമായ് വൈദ്യാദിശാസ്ത്രങ്ങളിൽ
കാമംപോലറിവേകിയേകിയതുലാനന്ദം വളത്തും പരം.
ഓമൽ കേരളഭൂമിയാസകലവും സഞ്ചാരമാന്നും സദാ
„ശ്രീമദ്രാമ വിലാസ„ മാസികലസിക്കട്ടേ ജഗത്തിൽ ചിരം.

വൈദ്യൻ. വാസുദേവഭട്ടതിരി
രാജകീയ ആയുർവേദപാഠശാലാദ്ധ്യാപകൻ

„ശ്രീമദ്രാമവിലാസ„മെന്നു മഹിതം നാമംകലന്നുള്ളൊരീ
ശ്രീമന്മാസിക മാസിമാസിസുജനാമോദം വളത്തീടുവാൻ
കാമം പ്രൌഢതയാന്നുമന്നിൽ വിലസിക്കാണേട്ടതിന്നായ് പരം
ഭൂമാകാമുകനായിടുന്ന ഭഗവാനേകട്ടെ സന്മംഗളം

എൻ. വാസുദേവനുണ്ണി. കൊട്ടാരം വൈദ്യൻ.

ഭാസ്വൽഭാസുരവാഞ്ചിപാലയുഗളശ്രീനാമധേയത്തെയും
ജ്യോത്സ്യാഗ്രേസരബാലരാമഗണകശ്രേഷ്ഠന്റെനാമത്തെയും
സോത്സാഹംപ്പണിയിച്ച കെ. ജി. രസികൻവൈദ്യൻ പ്രസാധിക്കവോ
ന്നീ „ശ്രീരാമവിലാസ„ മാസിക, യിതിന്നാദ്യന്തമെത്തും ശുഭം.

മൂലൂർ. എസ്. പത്മനാഭപ്പണിക്കർ.

കലാവിലാസത്തൊടു ചേൎന്ന „രാമ
വിലാസ„ മാകുന്നൊരു മാസികയ്ക്ക്
കലാകലാപാന്വിത നീലകണ്ഠൻ
തുലാവിഹീനം ശുഭ മേകിടട്ടേ.

വൈദ്യൻ സുബ്രഹ്മണ്യൻ മൂത്തത്.

ശ്രീ, രാമൻ, ഭൂപനെന്നിയിവരുടെയവിലാസംകലൎന്നുല്ലസിക്കു
ന്നാരോമൽബാലയീമാസിക, യഖിലജനാനന്ദസന്ദോഹമോടും
ഓരോരോ ദിക്കിലെല്ലാം വിരവിനൊടുചരിച്ചാശശാങ്കംവസിപ്പാ
നാരാമൻ രാവണദ്ധ്വംസനമിതബലൻതാൻ കടാക്ഷിച്ചിടട്ടേ.

കണ്ടിയൂർ മഹാദേവയ്യർ.

വരഗുണനാവിദപനൈരുക്തികപങ്ക്തി
സ്ഫുരിതാഃ ചിരകോല്യം കോമളഭംഗ്യാ
ചിരതരമി „ശ്രീരാമ വിലാസം„
സരസജയശ്രീ പൂണ്ടമരട്ടേ.

വിദ്യാ വിനോദിവേണ്ടുന്നവനവരസികതോന്നംകന്നനാനാ
പദ്യാസ്വാരമെത്തിപ്പലരുമനദവിക്കുന്നൊരഭ്യുന്നതിക്കായ്
അദ്യാപി ദ്രൈഢമൌനവ്രതനില, ഗണകന്മാരിളക്കാതിരിക്കും
വിദ്യാവൈചിത്ര്യമെന്തെന്നറിവതിനജനംപാക്കിലെല്ലാംകുഴപ്പും.

നാടാകെത്തിങ്ങി വിങ്ങിസ്ഫുടവിശദപരിഷ്കാരസൂര്യപ്രഭപൊങ്ങും
ചൂടാലുൾക്കൊണ്ടുപിന്നരിയഗണകദാതൃഹസന്ദോഹമെല്ലാം
കടാരിക്കുന്നു, വെന്നിങ്ങിനെപരർ പരിഹാസോക്തി തൂകാത്തമാൎഗ്ഗം
നേടാനെൻകൂട്ടരെല്ലാവരുമിനിവഴിപോൽ പ്രക്രമിപ്പിൻശ്രമിപ്പിൻ.

ചൂമ്മാകാകങ്ങളേപ്പോലുലകിൽ വിലപിടിക്കാത്തമട്ടിൽ പണിപ്പെ
ട്ടമ്മാനാണ്ടാക്കിയുള്ളുന്നതു വലിയ കൃതാൎത്ഥതാപമോ? തതാപമോൎത്താൽ
സമ്മാന്യതാപംവരു മൊരൊരു നരജനികൊണ്ടെന്തുസാദ്ധ്യം, സദാനാം
നമ്മാലാകുന്നുയതാന്തുടരുകകുശലാകൈവരും ദൈവയോഗാൽ.

അശ്രീകതാമണഞ്ഞിട്ടും പലരോമാരങ്ങളേറ്റാക്കിയും
സുശ്രീലസ്ഥിതിയേറ്റുറഞ്ഞുവഴിപോലുണ്ടാക്കിയുംമേൽക്കുമേൽ
ഈ „ശ്രീരാമവിലാസ,, മാസികയുമോം നമ്മിൽനാനാഗുണം
മിശ്രീഭാവമിയന്നിട്ടുംപടിവിളങ്ങട്ടേവരട്ടേശ്രുഭം

ഇളമ്പായിൽ വി. എൻ. ഗോവിന്ദൻ ജ്യോത്സ്യർ.

സുശ്രീകൾക്കുടയോരുമാനസമൊന്നാനന്ദമാർന്നിട്ടവാൻ
സംശ്രീകൻക്രമമൂലമത്ഭുതരോപന്യാസജാലത്തൊടേ
ഹാ! ശ്രീയാൽകണിശംപെട്ടുംപടിവെളിയ്യോക്കെപ്പേരന്നെന്നുമേ
യി „ശ്രീരാമവിലാസ,, മാസികവിളങ്ങിടട്ടെയുൽകൃഷ്ടയായ്

ഹാ! കന്നത്തിരിവാർന്നിതന്നചിലസംഘത്തിൽപകർപ്പാരനാ
ലാകപ്പാടൊരുതാണമട്ടിലധികംമൻപോകിടന്നെങ്കിലും
ശ്രീകണ്ഠൻകൃപയാലെയി „ഗ്രന്ഥക,, സംഘത്തിന്നല്ലന്നതി
റ്റാകമ്പിന്നെഴമപ്പടത്തിലത്തുനാൾകാല്യന്നിടാൻവന്നിട.

ഈ വർഷത്തിന്നനൽബലം 'ധന, മേതേമട്ടിൽ സ്വാതേയുള്ളതാം
„ഭാവം,, കൊണ്ടഖിലേഷ്ടവുംവെളിവിലാക്കും ജ്യൌതിഷജ്ഞാനവും
ശ്രീവർദ്ധിച്ചിട്ടമന്യവിദ്യകളിലേ സാമാന്യമാം ബോധവും
ശ്രീവക്ഷസ്സിലെഴുന്നവന്റെ കൃപയാൽ മേലേറവുമുണ്ടാകണം.

കല്യാണശ്ശേരിൽ വീട്ടിൽ. എൻ. കൃഷ്ണപിള്ള.

ആരാധിതവൃത്തികലന്നപദ
ദ്വാരാപലനമ്മപുലത്തി ഭുവി
ആരാല്യമനിന്ദിതമായ് ചിരമി
„ശ്രീരാമവിലാസ,,മുയന്നിടണം.

പി. കെ. നാരായണൻ വൈദ്യൻ.

ധീരാഗ്രഗണ്യ സന്ധയ
സാരാഞ്ചിത ഗദ്യപദ്യസങ്കലിതം
പാരം പ്രശസ്തകീർത്ത്യാ
ശ്രീരാമവിലാസമേ! ജയിച്ചാലും.

നിരണത്തു. കെ. ആർ. നാണുവാശാൻ.

ഭോഗശ്രീപാലക "നമ്പ്യ" ന്നപ്പടിമഹാറാൻശ്രീമൽകേരളശ്രീജാനിരാ.
രാ. ശ്രീ "കേരളവർമ്മ" ഭൂപനിവർത്തൻ കേളിപ്പൂരങ്ങളായിനി
ഭൂ ശ്രീ കാന്തകൃപാകടാക്ഷ വിഭവാലിന്നാടടക്കംനട
ന്നീ "ശ്രീരാമവിലാസ" മാസികസദാ മോദം വളർക്കേണമേ.

പട്ടം എൻ. കൊച്ചുകുഞ്ഞുപിള്ള.

ശ്രീരാൽ ബഹുമതിനൽകും
"ശ്രീരാമവിലാസ"മായമാസിക താൻ
നാരായണപ്രഭു കരുണാ
സാരാപാരാൽ ജയിച്ചു മേവട്ടേ.

സുകൃതിമനത്താമരയേ
പ്രകൃതിരസത്താൽ വിടുർത്തിയദ്ധ്യാനം
നികൃതിമുഖന്തണമാരി
പ്രകൃതിയിൽ വിലസേസർ"വിലാസമേ"നിത്യം

ഓമല്ലൂർ. കെ. ആർ. കേശവൻ ജ്യോത്സ്യർ.

അശ്രീരാപ്പകൾപററിടാതെവിമലശ്രീ പത്മഗർഭാദിയാം
സുശ്രീരാജിതഹാരരാജിയതുലശ്രീയോടുചാർത്തിച്ചിരം.
ആ "ശ്രീരാമ"കൃപാ കടാക്ഷമപരാകർഷം ചേർത്തു വിഖ്യാതയാ
യീ"ശ്രീരാമവിലാസ"മാസികവസിക്കട്ടേ വരട്ടേശുഭം.

ബാലാരിഷ്ടാദിദോഷങ്ങളെയകലെയകററീട്ടു സദ്ഭാഗവിദ്യാ
ലോലത്വംപൂണ്ടുകാലോചിതപുതിയപരിഷ്കാരമാർജ്ജിച്ചു പിന്നെ
മേലാൽ നിസ്തുല്യരാകും സരസകവിവരന്മാരുദഞ്ചൽ പ്രമോദം
നാലാലാപിക്കുന്നമട്ടിൽ ധരണിയിൽനിവസിച്ചീടുകാകല്പകാലം.

കാഞ്ഞിരവേലിൽ. കെ. എൻ. ഗോവിന്ദൻ വൈദ്യൻ.

സദാരാത്മജൻശംഭു, ജൃംഭൽഗുണത്താൽ
സദാരാധിതം ശ്രേഷ്ഠമിഗ്രന്ഥമെന്നായ്
സദാരാജ്യമൊട്ടുക്ക കീർത്തിപ്പെടാനി
ന്നുദാരാനുകമ്പാന്വിതം കണ്ണിടട്ടേ.

പന്തളം പാവേലിൽ. കെ. രാമൻപിള്ള.

ശ്രീരസ്തു സാധുസമുദയ
സാരാമലസൽപ്രസംഗതതിമൂലം
നീരമ്യമായ് നിതാന്തം
ശ്രീരാമവിലാസമേ! ജ്വലിച്ചാലും

മാവേലിക്കര. പി. കെ. കേശവൻ വൈദ്യൻ.

പാരിൽ കളിച്ചു രസമായവിവേകകാഴ്ച
സാരങ്ങളോതിയനിശം പുതുമാസികേ! നീ.
സൈ്വരം വസിച്ചിട്ടുക,മേൽസുഖമാൻ കൊൾവാൻ
കാരുണ്യശാലികരുണാരസമേകിടേട്ടേ.

സത്യം, നീതി, വിവേകവും, കവികുലം ചേർക്കുന്നലങ്കാരവും
നിത്യം നീശിരസാവഹിച്ചു വിജയശ്രീയോട്ടുകൂടിച്ചിരം
അത്യാനന്ദപരയായി തന്റെനടുവിൽ ചാടിക്കളിച്ചീട്ടുവാൻ
ചിത്തേമന്മഥ വൈരിപാദകമലംപാർത്തോന്നു കൂപ്പുന്നഞാൻ.

കാവട എൻ. ഗോപാല പിള്ള.

സാരാശയരുപലത്തും
"ശ്രീരാമവിലാസ"മാസികയ്ക്കായി
പാരാളുംമുകിൽ വണ്ണൻ
ധാരാളം വേണ്ടമംഗളം നൽകും.

കട്ടൻപേത്രൂർ വി. ജി. കൊച്ചുകൃഷ്ണനാശാൻ.

രാമകടാക്ഷമിയന്നഭി
രാമകവിസ്തോമമാൻ സാമോദം
രാമനൃപപ്രിയമായ് "ശ്രീ
രാമവിലാസം" വിശിഷ്യ വിലസെട്ടേ.

സാമർത്ഥ്യം കലരും കവീന്ദ്രരരുളും സൽപദ്യഗദ്യങ്ങളേ
സ്സാമഞ്ജസ്യമൊടൊത്തെടുത്തു വഴിപോൽഭൂഷിച്ചുതോഷിച്ചു നീ
ഈമന്നിൽ ചിരമസ്തുദിയനിഖിലക്ഷേമംവളത്താനായി!
"ശ്രീമദ്രാമവിലാസ"മേ! തവവരംതന്നീടുമിന്ദ്രാനുജൻ.

ഗോവിൽ കൌശിക തുഷ്ടിതേടിവിബുധപ്രീതിയ്ക്കുതാതേച്ഛപോ
ലാവി ശ്ലോകരസം സഭാഖ്യനിലയിൽ സഞ്ചാരമാന്നോമലേ!
ഭുവിങ്കൽ ഖരദൂഷണാദി നിഖിലം ധ്വംസിച്ചു നീ സൽഗുണം
താവും "രാമവിലാസ"നാമമഴകിൽ കൈക്കൊണ്ടിരിക്കും ചിരം.

വൈദ്യജ്യോതിഷമാന്ത്രികാദിപലതും കുഞ്ഞേ! നിനക്കുണ്ടിതെ
ന്നാദ്യം കെ. ജി. ഭിഷഗ്വിലേഖനമതിൽ കണ്ടാശ്ശുകൊണ്ടാടിനേൻ
ചോദ്യം,തർജ്ജിമ,നൽസമസ്യ,യിവയും മററും നിനക്കുമ്പൊഴാ
സ്വാദ്യം തന്നെ തവപ്രിയക്കുമതുപോലെന്നാകിൽ നന്നാമതും.

താനേ സഗർവ്വാപരിശ്രീയൊടുവിവിധമഹാമാസികാചക്രവർത്തി
സ്ഥാനേപട്ടാഭിഷേകസ്ഥിതിയൊടുമിതിനെച്ചേർത്തു നിത്യം കനിഞ്ഞു
സ്വാനേകപ്രൌഢകൃത്യങ്ങളിലിതുപതിവിൽതന്നെകൊളളിച്ചസീതാ
ജാനേ! നൂനംവളർത്തീടണമഴകൊടിതിന്നായുരാരോഗ്യ സൌഖ്യം.

തലവൂർ പത്മനാഭൻ വൈദ്യൻ.

ശ്രീ രാമവർമ്മ രാജകു
മാരാമലജനനിതാരജനനാദ്ധ്യേ!
"ശ്രീ രാമവിലാസാ" ഭിധ
വരഗുണഗണ മാസികേ! ജയിക്ക ചിരം.

ശ്രീമജ്ജ്യൌതിഷ,വൈദ്യ,മാന്ത്രിക,മഹോദ്യോഗാദിനാനാജനാ
ക്ഷേമാനന്ദകരാത്യവശ്യവിഷയാലംകാരസന്താനമേ!
കാമംപണ്ഡിതമണ്ഡലാപ്പിതലസൽസൽപദ്യഗദ്യാഞ്ചിതേ!
നീ മന്ദം വിളയാടുകാരവിശശാങ്കം മാസികാലാസികേ!

ബാലാരിഷ്ട നിമിത്തമെത്തിടുമകാലാന്തത്തിൽനിന്നന്വഹം
പാലിച്ചീടുവതിന്നു നിന്നെയധുനാ പാഴൂരെഴുംജ്യോത്സ്യരും
കോല്യംകൌതുകമോടു വേങ്ങലമരും വൈദ്യേശനും പൊരുമെ
നാലോചിക്കിനിവേണമെങ്കിൽ വളരപ്പേരുണ്ടു പേരാന്നവർ.

ഉളളന്നൂർ കെ. ഗോവിന്ദൻ വൈദ്യൻ.

ശ്രീയാൽ കാന്താന്തികജന
നീതാ വിഭ്രാജമാ ദ്ദതാ സുചിരം
അമയ ഹീനതയാ" ശ്രീ
രാമവിലാസാ" ഖ്യമാസികാ ജഗതി.

ശ്രുതഭവിച്ഛവിലരും സുസമാരരിസ്റ്റു
മാറുത്തരോത്തരമിതിന്നഭിവൃദ്ധി ചേക്കാൻ
കാറുംതൊഴുന്ന തിരുമെയ്യുളയോന്റെ പാദ
മേറുന്ന ഭക്തിയൊടു ഞാനനിശം തൊഴുന്നേൻ.

ചെറുകോൽ. എം. കെ. കൊച്ചുകുഞ്ഞു വൈദ്യൻ.

പാംകവിഹീനൻ "പാഴൂർ"
താംക്ഷം ശ്രീബാലരാമ കുലഗുരുവാൽ
സംകലിതാ മാസികേ! നീ
ശംകാഹീനം വിളങ്ങിവിളയാടൂ.

“ശ്രീരാമവിലാസ്” മാസമാത്ര
പ്പേരാണ്ടിജനതയ്ക്കു ബോധമേകി
നൂറാണ്ടിഹ ഭുവി വാഴ്ക. കെ. ജി. ഇട്ടി
പ്പേരാളും കവിതൻ പ്രഭാവശക്ത്യാ.

കല്ലട. കണിനാണു വൈദ്യൻ.

കല്യശ്രീരാമചന്ദ്രാഞ്ചിതലളിതവിലാസാഭിധാനം വഹിച്ചുൾ
ഫുല്ലശ്രീകൊണ്ടുമിന്നും മികവകവനലസന്മാസികേ! നീ വിശേഷാൽ
സ്വർല്ലോകാധീശതുല്യാതിശയഗുണമെഴും മൂലഭൂപാലകൻതൻ
കല്ലോലശ്രീതുളുമ്പും കടമിഴിമുന കിട്ടീടുവാൻ വേലചെയ്‌വൂ.

വഞ്ചിക്ഷ്മാപാലകല്പക്ഷിതിരുഹഭരണത്താൽ സുരാധീശഭാഗ്യം
വഞ്ചിയ്ക്കും. കാശ്യപിക്കുള്ളതിശയഗുണമാം പൂർവ്വപുണ്യാതിരേകാൽ
വഞ്ചിത്താമോദമെന്നുമിഹ ഭുവിയുവരാജേന്ദ്രബിംബാഭ കണ്ടി
ട്ടഞ്ചിത്തിങ്ങീടിതിങ്ങിലും പട്ടരപരമാനന്ദമോദായതാണാ.

ഗണകസമാജമെടുത്തു നിന്നെലാളി
ക്കുണമിനിമേലിലനന്തഭക്തി പൂർവ്വം
ഫണികുലനായകശായി പത്മനാഭൻ
തുണയരുളേണമതിന്നുവേണ്ടമട്ടിൽ.

പാർത്താൽ ശ്രീരാമചന്ദ്രൻ തിരുവടി തിരുമൂലർക്ഷജൻ തമ്പുരാനും
മാർത്താണ്ഡശ്രീതുളുമ്പുന്നിളമുറതിരുമേനിയും മാർത്താനമോദം
നേരത്താനാംശീഷ്ക്രുപദബിജവരകരുണാ പൂർണ്ണഗാത്രപ്രഭാവൻ
കീർത്ത്യാപാരമെഴും ജ്യോത്സ്യാമൃതകുമിതെൻ മാസികേ നിന്റെ നാമം.

കെ: ആർ. ഉമ്മിട്ടി വൈദ്യൻ.

കാമംകാലഗതിക്കൊത്തൊരു പരിഷ്കാരപ്രഭാവം സമ
പ്രേമപ്രത്യമമസ്ത്വദാദിയിലുദിപ്പിച്ചിട്ടനിശ്ശേഷതവം
ഭാമർ പോഷിണിതൊട്ടുമാസികകളോടൊത്തത്ര ധാത്രീതലേ
“ശ്രീമദ്രാമവിലാസ്”മാസിക ജയിക്കട്ടേ വരട്ടേ ശുഭം.

പറവൂർ. സി. നാണുജ്യോത്സ്യർ.

ക്ഷയിച്ചിടാതിക്കലികാലമൊക്കയും
നയിച്ചു ദുർമ്മാർഗ്ഗമൊഴിച്ചനാകുലം
വിയൽക്കരിയേശാതെ ദിനേദിനേമുദാ
ജയിക്ക നീ! രാമവിലാസമാസികേ!.

അഞ്ചൽ. ഇടമുളയ്ക്കൽ. കെ. കേശവൻ വൈദ്യൻ.

ഭൂമിയിലാവിധുതാരം
ക്ഷേമദമായ് കാമവൈരികൃപമൂലം
കാമിതദായകമായ് "ശ്രീ
രാമവിലാസം" ജയിക്ക ചിരകാലം.
കടയ്ക്കൽ. എസ്. ശങ്കുവൈദ്യൻ

സീമാതീതമഹാ ഗുണ
ധാമമെഴും രാമരാജകൃപമൂലം
പ്രേമവിലാസമൊടി "ശ്രീ
രാമവിലാസം" ജയിക്കണം സതതം.
അഞ്ചൽ ഇടമുളയ്ക്കൽ. കെ. നാണുജ്യോത്സ്യർ.

പേരാണ്ട കോവിദകുലം നലമോടുനൽകും
ക്രാണ്ട സൽകൃതികളാം നവരത്നമാല്യം
മാറാണ്ടമാറിലഴകാൻ മുറയ്ക്കണിഞ്ഞു.
നൂറാണ്ടുവാഴ് കട്ടവി "രാമവിലാസ"മേനി.
കെ. ജി. സി. വിളള.

അശ്രാന്തശ്രമമാണ്ടു വൈദ്യ; ഗണിതം; മാന്ത്രിക; മിത്യാദിഭേ
ത്ത്ശ്രീതെല്ലണയാതനന്തശയനൻ കാരുണ്യപൂർണ്ണാദരാൽ
ഭൂ "ശ്രീരാമകവർമ്മ" ഭൂപഭരണത്തോടായുരാരോഗ്യമാ
ന്നി "ശ്രീരാമവിലാസ" മാസികവിളങ്ങീടേണമാകല്പകം.
അഞ്ചൽ. കെ. ജി. കുഞ്ഞുപിളള.

പാരാകെ വിളങ്ങണമേ
"ശ്രീരാമവിലാസ" മാസികപ്പെണ്ണേ!
പാരാതെ, നിനക്കിട്ടൊരു
പേരാകപ്പാട്ട വളരെ നന്നായി.
മുളളിക്കളം എൻ. കുഞ്ഞൻ വൈദ്യൻ.

ക്ഷേമദമായ് വിലസട്ടേ
രാമാഖ്യ, തെളിഞ്ഞിടട്ടേ സ്വപധർമ്മം
കാമിതമിയലട്ടേ "ശ്രീ
രാമവിലാസം" കവിതപമുയരട്ടേ.
വി. എം. ഗോവിന്ദൻ വൈദ്യൻ.

വാമം ദക്ഷിണമെന്നഭേദമകമേ തോന്നാതെതൻ മക്കളേ
കാമംകാത്തുഭരിച്ചിടുന്നകവടോല്ലാസേ! നിസർഗ്ഗാത്മികേ!
പ്രേമം നിന്നിലനല്പമാണു, ഭുവനേനനീടാൻ സമ്പാദിതാ
ക്ഷേമം "രാമവിലാസ"മാസിക വിളങ്ങീടാൻ കടാക്ഷിക്കണേ.

പൂജ്യൻ കൃഷ്ണമനീഷി വല്ലഭതയാ സംഭാവനം ചെയ്യുമീമാ
മാജ്യം കൊണ്ടുടലെന്നപോൽതു ചിരമാംലേഖങ്ങളാലെപ്പൊഴും
പ്രാജ്യശ്രീയൊടുവൃഷ്ടിയേകി, നിരതാം പാലിക്കവാനായ് മനോ
രാജ്യംപോലെയുണ്ടാകുമീ ശനതിനിങ്ങില്ലില്ലകില്ലല്ലവ്വ .
ആറന്മുള. കെ. വി. സൈമൻ.

ഓരോരോകവിവീരർതൻകരതലത്താലരചിച്ചുള്ളനൽ
സാരോപേരസുപദ്യഗദ്യമഹിതപ്പൊന്മാലനിന്മാറതിൽ
പാരം ചേർത്തുസുപത്രികേ! വിലസുവാൻകാലാന്തകൻ കൈവിടി
ച്ചോരപ്പെണ്മണി കണ്ണുവച്ചിടുമതിന്നായിട്ടു കൂപ്പുന്നുഞാൻ.

ഓമല്ലൂർ. കെ. ആർ. കൊച്ചുരാമൻ വൈദ്യൻ.

ഹാരാമണീയബുധഗള
ഹാരാമലകാന്തിയോടു ഗണകകുലം
നീരാമണീയമാക്കി
"ശ്രീരാവിലാസ"മേ! ജയിച്ചാലും.

കാവാലം കേശവൻ കണിയാർ സക്കാർ വൈദ്യൻ.

അശ്രീയഖിലമകററി
സ്സശ്രീകശ്രീവരാരു കൃപയാലേ
ഇ"ശ്രീരാമവിലാസം"
സുരശ്രേയസമായ് ചിരംലസിക്കട്ടേ.

പൂവമ്പൻമോഹിനേത്രാഗ്നിയിലടവടലച്ചുട്ടതീക്കണ്ണനുള്ള
പ്പൂവംശം തീറുവാങ്ങി സ്ഥിതിയവിടെയുറപ്പിച്ചകുന്നിൻെറ കുഞ്ഞേ!
ഭൂവെല്ലാം നാശമാകുംവരെയുമശുഭമിമ്മാസികക്കേകിടാത
ഞ്ഞാവുംപോൽകാത്തുരക്ഷിച്ചഭയമരുളുവാൻ നിൻപദംകുമ്പിടുന്നേൻ

തുമ്പമൻ. വി. എം. നീലകണ്ഠൻ.

നേരോടേ കീർത്തികല്പദ്രുമസുമനിരയേകേരളക്ഷ്മാതലത്തിൽ
പാരംപൂർത്തീകരിച്ചും സഹൃദയഹൃദയാഹ്ളാദനം ചെയ്തുമിപ്പോൾ
ആരാൽശ്രീമാസികേ നീവിലസണ,മിനിമേൽമംഗളംവന്നുചേരാൻ
മാരാരാതിപ്രിയപ്രേയസി, കമലദളക്കണ്ണി, തൃക്കണ്ണിടട്ടേ.

നാരെങ്ങാനത്തു. കൃഷ്ണൻ ജ്യോത്സ്യർ.

പാരീരേഴുമടക്കി വാഴമരവിന്ദാക്ഷൻ കടാക്ഷത്തിനാൽ
ദൂരീകൃത്യനിജാപരാധമതുലശ്രീയാന്ന മന്ദാദരം
ഭൂരിജ്യൌതിഷ. വൈദ്യ, മാന്ത്രിക, ലസച്ശാസ്ത്രാദികാലംകൃതാ
കാരാ, "രാമവിലാസമാസിക" രസാചന്ദ്രേചിരം ജീവതു.

പുലിയൂർ. പി. കെ. കൃഷ്ണൻകാരണവർ.

ശ്രീമൂലക്ഷിതിപാലശിഷ്ടമിവിടം പാലിക്കുവാനീശ്വരൻ
ഭൂമൌനൽകിയ പുണ്യമൂർത്തി, വിമലശ്രീ, ബാലഭൂപാലനും
ശ്രീമദ്"രാമവിലാസമാസിക"യുമങ്ങാകല്പകാലംയശ
സ്സോടുംമത്തൊടുമൂന്നതിനിഹകടൽപ്പെൺകുട്ടികൺകാട്ടിടും.

കോററാത്തൂർ കുഞ്ഞുമുപ്പൻ.

ഉഴിയാഴിയൊട്ട ചേൎന്നിടുംവരെ
പ്പാഴിലാകരുതു നീ സുപത്രികേ!
ആഴിനന്ദിനികനിഞ്ഞു നിന്നിലേ
ക്കോഴപോക്കുമതിനില്ല സംശയം.

വാഴ്ത്തുന്നവൈവരമൊട്ടുവാരിധിയാക്രമിച്ചി
ട്ടൂക്കുള്ള കൌണപകുലേന്ദ്രനെനിഗ്രഹിച്ച്
പാക്കൊക്കെനന്മയുളവാക്കിയരാമദേവൻ
കാക്കട്ടെമോദമൊടുനിന്നെയനല്പകാലം.

ചെറുകോൽ. കൊച്ചുരാമൻ ജ്യോത്സ്യർ.

ഇപ്പാരിൽചേൎന്നുവാണീടിനകണിസമുദായത്തിനഭ്യുന്നതിക്കാ
യിപ്പോൾവന്നങ്കുരിച്ചീടിനശുഭമതിയാംമാസികേ! നീ നിതാന്തം
കെല്പാൎന്നിട്ടുന്നതാംഗുണഗണമിയലുന്നൊരുവിദ്വൽകുലങ്ങൾ
ക്കെല്ലേക്കും പ്രീതിചേൎത്തീയുലകിലമരുവാനീശപാദം തൊഴുന്നേൻ.

കല്ലൂപ്പാറ. വി. ആർ. നാരായണൻ വൈദ്യൻ.

"ശ്രീമദ്രാമവിലാസം"
ക്ഷേമശ്രീപൂണ്ടുമാന്യമായെന്നും
രാമകടാക്ഷത്താലഭി
രാമതയാൎന്നീജഗത്തിൽ വിലസട്ടേ.

പുലിയൂർ. സി. കൊച്ചുനാണു.

ഊഴിത്തട്ടിങ്കൽ വാഴുന്നൊരു ഗണകസമാജാധിപത്യംവഹിച്ചാ
"പ്പാഴൂർ"ശ്രീകുഞ്ഞുരാമാഭിധകുലഗുരുതൻപ്രീതിയേചേൎത്തുമിപ്പോൾ
വീഴാതാചന്ദ്രതാരംസ്ഫുടമിഹജനതയ്ക്കാകെബോധംകൊടുത്തും
വാഴട്ടീമാന്യസന്മാസിക" കവിമണിയാം കെ. ജി. ഇട്ടിപ്രഭാവാൽ

കട്ടയിൽ. മണികണ്ഠേശ്വരം നീലകണ്ഠൻ ജ്യോത്സ്യർ

സാഹിത്യാമൃതസാഗരത്തിൽ മുഴുകിത്തീൎന്നിട്ടു പിന്നജ്ഞതാ
രാഹിത്യൈകവിഭൂതി ചേൎത്തുസരസ ശ്ലോകാംബരം ചാൎത്തിമേൽ
സ്നേഹിക്കും സുഹൃദാവലിക്കുസദലം കാഴ്ചെക്കുരോനത്തനോ
ത്സാഹാ"രാമവിലാസമാസിക" ജയിക്കട്ടേ ജഗത്തിൽ ചിരം.

പുലിയൂർ. കെ. കൊച്ചുകുഞ്ഞു ജ്യോത്സ്യർ.

ഗുണങ്ങൾചേൎന്നമ്പൊടു വൎണ്ണസംകരം
പിണഞ്ഞിടാതേ മണിദീപമെന്നപോൽ
തെളിഞ്ഞു ലോകാന്ധതതീൎത്തു സന്തതം
വിളങ്ങണം "രാമവിലാസ"മാസിക.

കവിയൂർ. കുഞ്ഞികൃഷ്ണൻ ജ്യോത്സ്യർ.

ധീമാന്മാരധികവുമുൾ
പ്രേമംപൂണ്ടാശു നോക്കുമതിനാലേ
ക്ഷേമമിയന്നിളയിൽ "ശ്രീ
രാമവിലാസം" ജയിക്കണം സുചിരം.

പടിഞ്ഞാറവുഞ്ചേരിൽ കുഞ്ഞുകുഞ്ഞ്.

ശ്രീമൽഗണപതി ഭഗവൽ
സീമാതീതപ്രഭാവമോടു നന്നായ്
ഭൂമിയിലാകല്പം "ശ്രീ
രാമവിലാസം" വളർന്നു വിലസട്ടേ.

കണ്ടിയൂർ. കൊച്ചുനാരായണൻ.

ശ്രീ രുദ്രഭദ്രജായേ!
"ശ്രീരാമവിലാസ"മായ മാസികയേ
നീ രമ്യയാക്കിയെന്നും
ശ്രീരഞ്ജിക്കുംപടിക്കു കാത്തിടേണം.

ആറന്മുള. കെ. ലക്ഷ്മിക്കുട്ടി.

സമസ്യ.

കുരുന്നമാചന്ദ്രമനന്തരായമായ്.

കെ. ജി. ഇട്ടി വൈദ്യൻ.

മേൽ കാണുന്ന മംഗളപദ്യങ്ങളിൽ പലതും ഈ സമുദായത്തിന്റെ തൽക്കാല സ്ഥിതിയ്ക്കു് ഒഴിച്ചുകൂടാത്തവയാകയാൽ ചേർത്തിട്ടുള്ളതാണ്.

പല മാന്യന്മാരുടേയും ലേഖനങ്ങളും പദ്യങ്ങളും സ്ഥലത്തിന്റേയും സമയത്തിന്റേയും ദൗർല്ലഭ്യം നിമിത്തം അടുത്ത മാസികയിലേക്ക് നീക്കിവെക്കേണ്ടി വന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു.

പത്രാധിപർ.

# രാമകൃഷ്ണാഷ്ടകം

മഹാഭക്തിസാരംനിറെച്ചാസ്വാദിക്കും
മഹാഗ്രന്ഥതത്വങ്ങൾഭ്രമെന്യെ വിതെച്ചും
മഹാന്മാർ മനങ്ങാർ വിടൎത്തുംദിനേശൻ
മഹാൻ "രാമകൃഷ്ണൻ", ജയിക്കേണമെന്നും

ഗിരീന്ദ്രൻ ഹിമം പോൽ മനസ്സിൽവിവേകം
ധരിച്ചുള്ള തൻശിഷ്യവൎയ്യം നരേന്ദ്രം
നരന്മാൎക്കുവിജ്ഞാനമേകാനയച്ചാ
വരൻ "രാമകൃഷ്ണൻ", ജയിക്കേണമെന്നും.

അധൈൎയ്യം മനസ്സേ! പണം, പെണ്ണി,വററി
ന്നധീനത്തിലാകുന്നതാണെന്ന തത്വം
സധൈൎയ്യം ക്ഷിതൌവാണു കാണിച്ച ധീരൻ
ബുധൻ "രാമകൃഷ്ണൻ", ജയിക്കേണമെന്നും.

കവിക്കും മുനിക്കും മഹാപണ്ഡിതൎക്കും
ഭവിക്കും മനസ്സിന്നിളക്കം പ്രപഞ്ചേ
അവൎക്കും സമാധാനമേകുന്ന ഭക്തൻ
ഭവാൻ "രാമകൃഷ്ണൻ", ജയിക്കേണമെന്നും.

പരൻരാമകൃഷ്ണാഭിധൻ, നാടകത്തെ
ചരിക്കുന്നൊരി "മാസികക്കുട്ടിയാൾക്കു"
പരം മംഗളം വന്നു ചേരാൻ കടാക്ഷി
ച്ചിരിക്കേണ്ണ,മെന്നാകിൽ നന്നായിരിക്കും.

കെ. കണ്ണൻമേനോൻ ബി. ഏ. എൽ. റ്റി.

# ഒരു അനുമോദനം

മിസ്റ്റർ. എസ്സ്. പത്മനാഭപ്പണിക്കരവർകൾ.

തിരുവിതാംകൂർ ഗണക സമാജം സിക്രട്ടറിയായ കെ. ജി. ഇട്ടി വൈദ്യൻ അവർകളുടെ പ്രസാധകതയിൽ "ശ്രീരാമവിലാസം,, എന്ന പേരിൽ ടി. സമാജം വകയായ ഒരു മാസിക പ്രസിദ്ധീകരിക്കാനിരിക്കുന്ന വിവരത്തിനു കുറേ ദിവസങ്ങൾക്കു മുമ്പേ ഒരു വിജ്ഞാപനം കാണുകയുണ്ടായി. പൊതുജന പ്രാതിനിധ്യം യാഥാർത്ഥ്യേന വഹിക്കുന്ന മാസികകളുടെയും പത്രങ്ങളുടെയും പ്രാദുർഭാവം ഉണ്ടാകുന്നതു വരയ്ക്കും ഓരോ സമുദായത്തിനും സാമുദായികങ്ങളായ തത്തദ്വിഷയങ്ങളെ സർവ്വതോമുഖമായി പ്രകാശിപ്പിക്കുന്നതിലേക്ക് പ്രത്യേകം മാസികകളും പത്രങ്ങളും പ്രവർത്തിച്ചേ തീരു എന്നുള്ള കാര്യത്തിൽ പക്ഷാന്തരമില്ല. നൂററിന് എൺപതിലധികം പേരും വിദ്യാഭ്യാസമുള്ളവരാണെന്നു സെൻസസ്സ് റിപ്പോർട്ടു കൊണ്ടു കാണുന്ന തിരുവിതാംകൂറിലെ കണി, സമുദായം സംഖ്യകൊണ്ടു മിതമാണെന്നിരുന്നാലും ഇതര സമുദായങ്ങളെ അപേക്ഷിച്ച് സംസ്കൃത വിദ്യാഭ്യാസത്തിലും ഇവർ ഒട്ടും പിന്നോക്കമുള്ളവരായിട്ടല്ല കാണുന്നത്. തലക്കുളത്തു ഭട്ടതിരി എന്ന മഹാ പണ്ഡിതൻെറ അനുഗ്രഹത്താൽ പ്രസിദ്ധമായി തീർന്നിട്ടുള്ള പാഴൂർ പടിപ്പുരയിൽ വച്ച് മിസ്റ്റർ കുഞ്ഞുരാമൻ ജ്യോത്സ്യരുടെ അദ്ധ്യക്ഷതയിൽ ഈയിട ഇവരുടെ ഒരു മഹായോഗം കൂടുകയും തദനന്തരം തിരുവിതാംകൂറിൻെറ പല ഭാഗങ്ങളിലും ഈ സമുദായത്തിന് ഉണർച്ചയുണ്ടായി തുടങ്ങുകയും ചെയ്തിരിക്കുന്നസ്ഥിതിക്ക് ഈ മാസികയുടെ സാമ്പ്രതികമായ പ്രസിദ്ധീകരണം അപരിഹാര്യമായിട്ടുതന്നെയാണിരിക്കുന്നത്. ലുപ്ത സന്താനമായ വഞ്ചിരാജവംശത്തിൻെറ ഏകസന്താനാങ്കുരമായിരിക്കുന്ന മഹാരാജശ്രീ ചിത്തിര തിരുനാൾ രാജകുമാരൻെറ പ്രഥമമായ ജന്മനക്ഷത്രത്തിൽ അവതരിക്കാനുണ്ടായ ഭാഗ്യം "ശ്രീരാമവിലാസം,,ത്തിനു സിദ്ധിച്ചതു് ഏററവും സ്തുത്യർഹമായിരിക്കുന്നു. ഈ മാസികയ്ക്കു ഉത്തരോത്തരം അഭ്യുദയമുണ്ടാകട്ടെ എന്നു ഞാൻ ഹൃദയപൂർവ്വം ആശംസിക്കുന്നതു കൂടാതെ

വഞ്ചിക്ഷ്മാപാലഭൂരിപ്രജകളുശരണം
പത്മനാഭൻെറ മുമ്പിൽ
കെഞ്ചിപ്രാർത്ഥിക്കയാലിസ്സമയമൊരരുമ
ത്തമ്പുരാനേക്കിടച്ചു
സഞ്ചിന്തിക്കുന്നതെല്ലാം ചിരമതുളിട്ടുമാ
സദ്ധാരികാരുണ്യമെന്നും
തഞ്ചിക്കൊണ്ടിക്കുമാരത്തിരുവടിവളരാൻ
നീട്ടണം തൃക്കൺകോണം.

എന്നിങ്ങിനെ ഭക്തവത്സലനായ ശ്രീപത്മനാഭസ്വാമിയോടു പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

# സഭാദ്ധ്യക്ഷൻ

അഭ്യുദയകാംക്ഷികളായ അനേക ജനങ്ങളാൽ നിബിഡിതമായിരിക്കുന്ന ഗണകസമുദായത്തിൽ സ്വാതന്ത്ര്യംകൊണ്ടും വിദ്യകൊണ്ടും ഖ്യാതി സമ്പാദിച്ചിരിയ്ക്കുന്ന പല മാന്യ കുടുംബങ്ങൾ ഉള്ളതിൽ പ്രഥമസ്ഥാനത്തെ വഹിക്കുന്നതു പാഴൂർ കുടുംബമാണെന്നു സർവ്വജനങ്ങളും ഐകകണ്ഠ്യേന സമ്മതിച്ചു പോരുന്ന ഒരു വാസ്തവമാണല്ലോ. ആ സ്ഥലം അന്യാദൃശങ്ങളായ പല അത്ഭുതങ്ങൾക്കും വിളനിലമായിട്ടുള്ളതാണെന്നും വ്യറക്കരെ അറിഞ്ഞിട്ടില്ലാത്തവർ ഗണകസമുദായത്തിൽ എന്നല്ല ഇതരസമുദായത്തിലും ഇല്ലെന്നുള്ള വിശ്വാസം നിമിത്തം ആ വിഷയങ്ങളെ ഇവിടെ ഉദ്ധരിച്ചിട്ടാവശ്യമില്ലല്ലോ. എങ്കിലും പലകാരണങ്ങളാലും ജ്യോതിശ്ശാസ്ത്രോക്തങ്ങളായ പ്രശ്നജാതകങ്ങളെ പ്രായേണ അനാദരിക്കപ്പെട്ടുവരുന്ന ഈ കാലത്തും ഏതദ്വിഷയമാഹാത്മ്യം അവിടെ നവയൌവനത്തെ പ്രാപിച്ചു കാണുന്നു എന്നുള്ളതു് ആരാലും വക്തവ്യമാണ്.

ഏകദേശം ആയിരം വർഷങ്ങൾക്കു മുമ്പു മുതൽ ഏതൽക്കാലപര്യന്തം ആ കുടുംബസ്ഥിതി ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നു എന്നുള്ളതു് സകല ജനങ്ങൾക്കും ബോദ്ധ്യമായിട്ടുള്ളതുമാണ് ഏവംവിധമായ ഒരു കുടുംബം തന്നേ സാധാരണ സുലഭമല്ലെന്നുള്ളതും പ്രത്യേകം സ്മരണീയമാണല്ലോ. വിശിഷ്ടയായ ഒരു നദി ദക്ഷിണ ഭാഗത്തുകൂടി ഐന്ദ്രാഭിമുഖിയായി പ്രവഹിച്ചും ആ സ്ഥലത്തിന്റെ മാഹാത്മ്യത്തെ പ്രദർശിപ്പിക്കുന്നു.

ഇപ്രകാരം അത്ഭുതപൂർവ്വമായ സ്ഥലവൈശിഷ്ട്യം നിമിത്തമായിരിക്കാം ദിവ്യാത്മാവായ ഭട്ടതിരി തിരുമനസ്സു കൊണ്ടു ആ പൂജ്യസ്ഥാനത്തെ അലങ്കരിക്കുന്നതിനുള്ള സാംഗത്യം സംഭവിച്ചതെന്നും വിചാരിയ്ക്കേണ്ടിയിരിക്കുന്നു. ആ മഹാത്മാവായ തിരുമനസ്സിലെ അനുഗ്രഹപ്രഭാവത്തെ ആണല്ലോ ആ കുടുംബത്തിന്റെ ക്ഷേമാഭിവൃദ്ധിക്കു അസ്ഥിവാരമായി ഗണിക്കപ്പെട്ടുവരുന്നതു്. അത്രമാത്രമല്ല ഹിംസാസ്തേയാദി പാപകർമ്മങ്ങളിൽ നിന്നും നിവൃത്തിച്ചു് വേദാംഗങ്ങളിൽ വച്ചു് ശ്രേഷ്ഠതമമായ ജ്യോതിശ്ശാസ്ത്രാദ്ധ്യയനവും സദാചാരാദിസൽകർമ്മങ്ങളും ചിരകാലം പരിശീലിക്ക കൊണ്ടു പാവനയായ ആ പുണ്യഭൂമിയിൽ സുകൃതരൂപിയായി അധിവസിക്കുന്ന ആ ഭട്ടതിരി തിരുമനസ്സിലെ അപരിച്ഛേദ്യമായ ചൈതന്യമാണു് ഗണകവംശത്തിന്റെ ദീപമായി ശോഭിക്കുന്നതെന്നു പ്രത്യേകം ഓർമ്മിയ്ക്കേണ്ടതാണ്. വിശിഷ്യ ആ കുടുംബത്തിൽ പരമ്പരയാ സമ്പാദിതമായ പുണ്യസംഘാതം മൂർത്തീകരിച്ചിരിയ്ക്കുന്ന ഒരു വന്ദ്യപുരുഷനാണ് ഇപ്പോൾ പ്രസ്തുതവംശാഗ്രേസരനായി ആവിർഭവിച്ചിരിയ്ക്കുന്നതു്. സ്വവംശത്തിന്റെ അ

ധോഗതിയിൽ തനിക്കുണ്ടായ ആൎദ്രത നിമിത്തവും വംശോദ്ധാരണ ധൎമ്മത്തെ അവലംബിച്ചും ദീനദയാലുവായ ആ പുണ്യാത്മാവിനാൽ ചെയ്യപ്പെടുന്ന അശ്രാന്തപരിശ്രമത്തിന്റെ പ്രഥമഫലമായിട്ടാണു് ഗണകസമുദായം ഇപ്പോൾ പരിഷ്കാരോന്മുഖമായിരിയ്ക്കുന്നതു് എന്നുള്ളതു കൂടാതെ ഈ മാസികയുടെ ആവിർഭാവവും തന്നിമിത്തമാണെന്നു് നിസ്സംശയം പറയാവുന്നതാണു്. അതിനാൽ പരമ്പരയാഗണകവംശത്തിന്റെ ആചാൎയ്യസ്ഥാനത്തിനു് സൎവ്വഥാ അൎഹനായിരിക്കുന്ന പൊഴർ എസ്സ്. കുഞ്ഞുരാമൻ ജ്യോത്സ്യരവർകൾ ഇപ്പോൾ പ്രസ്തുത സമാജത്തിന്റെ അദ്ധ്യക്ഷസ്ഥാനത്തെയും വഹിക്കുന്നതിനിടയായതിൽ ടി സമാജത്തിനുള്ള സന്തോഷം അപരിമിതമാണെന്നു വിശേഷാൽ പറയണമെന്നില്ലല്ലോ.

ഈ അദ്ധ്യക്ഷൻ ആയുരാരോഗ്യാദി സമ്പൽ സമൃദ്ധികളോടുകൂടി ഈ സമാജത്തെ ചിരകാലം ഭരിച്ചുകൊണ്ടും "ശ്രീരാമവിലാസ"ത്തെ നഷ്ടകളങ്കം പരിപാലിച്ചുകൊണ്ടും പ്രശോഭിക്കുന്നതിന്നു ഞങ്ങൾ സൎവ്വദാ ജഗന്നിയന്താവിനോടു പ്രാൎത്ഥിച്ചുകൊള്ളുന്നു.

ശ്രീരാമവിലാസം.

# ജ്യോതിസ്സ്വരൂപം.

(പ്ലീഡർ. പി. എസ്സ്. പുരുഷോത്തമൻ പോററി)

പാശ്ചാത്യപരിഷ്കാരം വൎദ്ധിച്ചുവരുന്ന ഈ കാലത്തുള്ള വിദ്യാൎത്ഥികൾ മതാന്തര പ്രതിപത്തി നിമിത്തം സ്വശാസ്ത്രങ്ങളെ അഭ്യസിക്കാതെ ഇതരഭാഷകൾക്കു് വശംവദന്മാരായി തീൎന്നു് കാലാനുരൂപമായ ലൌകികവ്യവഹാരങ്ങളിൽ ഭ്രമിച്ചു സൎവ്വജന സമ്പൂജ്യമായ ജ്യോതിശ്ശാസ്ത്രത്തെ കേവലം നിരൎത്ഥം എന്നും അസംബന്ധം എന്നും പറഞ്ഞു ആക്ഷേപിച്ചുവരുന്നു എന്നുള്ളതു അനുഭവസിദ്ധമായ ഒരു സംഗതിയാണല്ലോ? എന്നാൽ ഈ വക സംഗതികളിലുള്ള ആക്ഷേപങ്ങളെ നിശ്ശേഷം പരിഹരിച്ചു പരസമ്മതമായ വിധത്തിൽ പരിഷ്കരിച്ചു ഫലവത്താക്കിത്തീൎക്കുന്നതിനുള്ള ശക്തിയൊ അറിവൊ ഉത്സാഹമൊ ഉള്ളവരും നമ്മുടെ ഇടയിൽ വളരെ ചുരുക്കമാണു. അഥവാ ഏതെങ്കിലും ഒരു വിധം ജ്ഞാനമുള്ളവരുണ്ടായിരുന്നാലും, അവൎക്കു മററൊരു വിധത്തിലുള്ള ന്യൂനത നിമിത്തം, കാൎയ്യനിവൃത്തിക്കു പ്രതിബന്ധവും ഉണ്ടായിരിക്കും. "വിദ്വാംസോമത്സരഗ്രസ്താഃപ്രഭവഃസ്മയദൂഷിതാഃ. അബോധോപഹതാശ്ചാന്യേ ജീൎണ്ണമംഗേസുഭാഷിതം" എന്നുള്ള ഭൎത്തൃഹരി വചനം എത്രയൊ അനുഭവസിദ്ധമായിരിക്കുന്നു.

ഹിന്തുക്കളുടെ പുരാണഗ്രന്ഥങ്ങളിൽ വച്ച് പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു വേദമാകുന്നു. അവ ഋക്ക്, യജുസ്സ്, സാമം, അഥർവ്വം ഇങ്ങിനെ നാലായി വിഭജിക്കപ്പെട്ടിരിക്കുന്നു. വേദങ്ങൾക്കു ജ്യൌതിഷം, കല്പം, നിരുക്തം, ശിക്ഷാ, വ്യാകരണം, ഛന്ദസ്സ് ഇങ്ങിനെ ആറു അംഗങ്ങളുണ്ട്. ഇവയിൽ ഛന്ദസ്സ് വേദപുരുഷന്റെ പാദങ്ങളും, വ്യാകരണം മുഖവും, ശിക്ഷാ മൂക്കും, നിരുക്തം ശ്രോത്രങ്ങളും, കല്പം പാണികളും, ജ്യോതിഷം നേത്രങ്ങളുമാകുന്നു. "മുഖമർദ്ധം ശരീരസ്യ മുഖംവാസർവ്വമുച്യതേ തത്രാപിനാസികാശ്രേഷ്ഠാശ്രേഷ്ഠേതത്രാപിചക്ഷുഷീ" എന്നുള്ള ന്യായംകൊണ്ടു വിചാരിക്കുമ്പോൾ നേത്രേന്ദ്രിയത്തിനാണ പ്രാധാന്യം സിദ്ധിക്കുന്നതു് "ചക്ഷുർവ്വിനാകഃപുരുഷഃപമേതി" എന്നു വേറെയും പറഞ്ഞിരിക്കുന്നു. ഇങ്ങനെ വേദാംഗശാസ്ത്രങ്ങളിൽ വച്ച് ഏററവും പ്രധാനപ്പെട്ടതും വേദപുരുഷന്റെ ചക്ഷുസ്സമായ ജ്യോതിശ്ശാസ്ത്രത്തിന് ഗണിതം, സംഹിതാ, ഹോരാ ഇങ്ങനെ മൂന്നു സ്കന്ധങ്ങളും, ജാതകം ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം ഇങ്ങിനെ ആറംഗങ്ങളുമുണ്ട്. ഇവയിൽ ഗോളഗണിതങ്ങൾ ഗണിതസ്കന്ധത്തിലും, നിമിത്തം ഹോരാസംഹിതകളിലും, ജാതകപ്രശ്നമുഹൂർത്തങ്ങൾ ഹോരയിലും അന്തർഭവിച്ചിരിക്കുന്നു. ഇതിൽ ഗണിതസ്കന്ധത്തെ പ്രമാണരൂപമായിട്ടും സംഹിതാഹോരകളെ ഫലാത്മകങ്ങളായും വിഭജിച്ചിരിക്കുന്നു. ഇപ്രകാരം മഹത്വത്തോടു കൂടിയ ജ്യോതിശ്ശാസ്ത്രം ബ്രഹ്മത്തിൽ നിന്നാണ് അദ്യമുണ്ടായതു്. ബ്രഹ്മാവ് ഇതിനെ വൃദ്ധഗർഗ്ഗനായികൊണ്ടു ഉപദേശിച്ചു. വൃദ്ധഗർഗ്ഗൻ അതിനെ സംക്ഷേപിച്ചു ശാസ്ത്രരീത്യാ പരാശരപ്രഭൃതികളായ ഋഷിശ്രേഷ്ഠന്മാർക്കു ഉപദേശിക്കയും അവർ അതനുസരിച്ചു അനേകം ജ്യോതിശ്ശാസ്ത്രങ്ങളെ നിർമ്മിക്കയും ചെയ്തു. വ്യാകരണാദിശാസ്ത്രങ്ങൾക്കു പാണിനി ചെയ്തിട്ടുള്ളതു പോലെ ജ്യോതിശ്ശാസ്ത്രത്തിനു ജൈമിനി ചെയ്തിട്ടുള്ള സൂത്രങ്ങളും അവയെ പിൻതുടന്നു ബ്രാഹ്മം, സൌരം, വാസിഷ്ഠം, രൌമശം, പൌലിശം ഇങ്ങിനെ അഞ്ചു സിദ്ധാന്തങ്ങളും ഈ സിദ്ധാന്തങ്ങളെ അവലംബിച്ച് വസിഷ്ഠൻ, അത്രി, നാരദൻ, ഗർഗ്ഗൻ മുതലായ മഹർഷിമാർ അനേകം ഗ്രന്ഥങ്ങളും നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഈ വക എല്ലാ ഗ്രന്ഥങ്ങളേയും അതുകളിലെ സിദ്ധാന്തങ്ങളേയും അവയുടെ സൂക്ഷ്മാസൂക്ഷ്മഗതികളേയും പ്രത്യേകം വേർതിരിച്ചറിഞ്ഞു കാലദേശാവസ്ഥകൾക്കനുരൂപമായ വിധം ഫലാദേശം ചെയ്വാൻ സാധാരണന്മാർക്ക സാധിക്കുന്നതല്ലെന്നു കരുതി വരാഹമിഹിരൻ, ശ്രീപതി, മാധവൻ, ഭാസ്കരൻ, കൃഷ്ണൻ, മുതലായ ഓരോ ആചാര്യന്മാരും അനേകം ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇങ്ങനെ ഓരോരുത്തരും ഓരോ കാലങ്ങളിൽ അനുരൂപങ്ങളായ ഓരോരൊ ഗ്രന്ഥങ്ങൾ നിർമ്മിക്കയും അവയുടെ പ്രചാരാധിക്യം നിമിത്തം പൂർവ്വഗ്രന്ഥങ്ങൾ കേവലം നാമാവശേഷങ്ങളായിപ്പോയിരിക്കുന്നു എന്നുള്ള ഏകസംഗതിയും പ്രത്യേകം പ്രസ്താവയോഗ്യമാണ്. ആധുനികന്മാർക്കാവട്ടെ ഈ വക ശാസ്ത്രങ്ങളിൽ അഭിരുചികുറവും ധാരാളംവന്നിട്ടുണ്ട്. കാരണം, ഗവമ്മേൻറിന്റെ സഹായസഹകരണങ്ങളുടെ കുറവും പാശ്ചാത്യപരിഷ്ക്കാരഭ്രമവും മാത്രമാകുന്നു. വാസ്തവമാലോചിക്കുന്നതായാൽ ജ്യോതിശ്ശാസ്ത്രത്തെ പററി പാശ്ചാത്യന്മാർക്കും നല്ല വിശ്വാസവും ബഹുമാനവും ഉണ്ടെന്നുള്ളതിലേക്കു അനേക ദൃഷ്ടാന്തങ്ങളുണ്ട്.

വർത്തമാനമായ ൨൮-ാമത്തെ ചതുർയുഗത്തിൽ കൃതയുഗാന്തത്തിൽ സൂര്യസിദ്ധാന്തം എന്ന ഗ്രന്ഥം ഉണ്ടായതായി കാണുന്നു. അതിൽ കാ

ലഗണിത സമ്പ്രദായങ്ങളേയും ഗ്രഹണാദി ഗണിതോപായങ്ങളെയും ഭൂമ്യാദികളുടെ ഗോളസ്വരൂപാദികളെയും അവ സൂര്യ രശ്മികളാൽ പ്രകാശിക്കുന്ന പ്രകാരത്തേയും പ്രത്യേകം പ്രതിപാദിച്ചിരിക്കുന്നു. പ്രസ്തുത ഗ്രന്ഥപ്രകാരം ഈ കലിയുഗാരംഭദിവസത്തിൽ സൂര്യഗ്രഹണമുണ്ടാകുമെന്ന് അതിനും ൲ വഷങ്ങൾക്കു മുൻപിൽ കൂട്ടി നിശ്ചയപ്പെടുത്തിയിരുന്നതായിട്ടും അതുപ്രകാരം ശരിയായിരുന്നതായിട്ടും പാശ്ചാത്യപണ്ഡിതനായ മിസ്റ്റർ കേറിശാൻ പറഞ്ഞിരിക്കുന്നു. എന്നു മാത്രമല്ല; "ഗ്രഹണാദിഗണിത വിഷയങ്ങളെ പ്രഥമമായി അറിഞ്ഞിട്ടുള്ളവർ ഹിന്ദുക്കളാണെന്നും, ൨-ാമതു ചൈനാക്കാർ എന്നും അയത്തു ക്രിസ്തുവിനു മുൻപു ൨൩൨൦൦-ാമതിൽ കംഖാങ് എന്ന ചൈനാചക്രവത്തിയുടെ കാലത്താണെന്നും അന്നു അവിടെ ഗ്രഹണം ഗണിച്ചു നിശ്ചയപ്പെടുത്തിയ പ്രകാരം ശരിയാകാതെ ദിവസവ്യത്യാസം വന്നതിനാൽ ആ ചക്രവത്തി ഗണിതജ്ഞന്മാരെ ശിക്ഷിച്ചതായും ൩-ാമത് അറിഞ്ഞവർ ബാബിലോൻകാർ എന്നും അതു ക്രിസ്തുവിനു മുൻപു ൨൨൨൩-ാമതിലെന്നും; പിന്നീടു യൂറോപ്യന്മാർ കാലക്രമത്തിൽ പ്രസ്തുതശാസ്ത്രരീതികളെ അറിഞ്ഞു തുടങ്ങിയതായും അദ്ദേഹം തന്നെ പറഞ്ഞിരിക്കുന്നു".

കലിയുഗാരംഭത്തിനു; ൨,൧൩൧,൨൦൦—വഷത്തിനു മുൻപുണ്ടായ ഗ്രന്ഥപ്രകാരം ഗ്രഹണം ഉണ്ടാകുന്നതിനു ൲ സംവത്സരം മുൻപുകൂട്ടി ഗണിച്ചു തീച്ചപ്പെടുത്തിയതു ശരിയായി വന്ന സ്ഥിതിയ്ക്കു അതിൽ പറയുന്ന ൨൦൨ സംഗതികളേയും വിശ്വസിക്കാവുന്നതാണെല്ലോ? "ഇങ്ങിനെയുള്ള ആഗമങ്ങളെല്ലാം ശരിയല്ല. പ്രത്യക്ഷവും അനുമാനവുമാണ് വിശ്വാസയോഗ്യങ്ങൾ" എന്നും ചിലർ പറഞ്ഞവരുന്നു. ഇതു കേവലം അബദ്ധം തന്നെ. "സർവ്വപ്രമാണേഭ്യഃ ആഗമപ്രമാണമേവ പ്രധാനം സംഭവതി" എന്നു വചനമുണ്ട്. ആഗമപ്രത്യക്ഷാനുമാനങ്ങളെക്കൊണ്ടു ദൃഷ്ടാന്തപ്പെടുത്തിയാലും ഇക്കാലത്തു പാശ്ചാത്യപണ്ഡിത സമ്മതമില്ലെങ്കിൽ അതിനെ ആരും അത്ര ആദരിക്കയില്ല എന്നുള്ളത് അനുഭവസിദ്ധമായിരിക്കുന്നു എന്നാൽ ചില പ്രത്യക്ഷ സംഗതികൾ നമ്മുടെ ഭ്രാന്തി നിമിത്തം യഥാത്ഥമല്ലാതെ കാണപ്പെടുന്നുണ്ട്. മൃഗതൃഷ്ണ തന്നെ നമുക്ക് ജലമായി പ്രത്യക്ഷപ്പെടുന്നു. അനുമാനങ്ങളും വാസ്തവത്തിൽ അയഥാത്ഥമായിത്തീരുന്നു. ചില സ്ഥലങ്ങളിൽ നിന്നുണ്ടാവുന്ന ധൂമസദൃശങ്ങളായ ആവികളെ കണ്ട മാത്രത്താൽ അവിടെ അഗ്നിയുണ്ടെന്നു അനുമാനിക്കയും വാസ്തവത്തിൽ അവിടെ അഗ്നിയില്ലാതെയും കാണപ്പെടുന്നു. ഇങ്ങിനെ ഏതാനും അനുമാനങ്ങളെ വിശ്വസിച്ച് ചില നിരപരാധികളെ ശിക്ഷിക്കയും ക്രമേണ യഥാത്ഥം വെളിവായതിൽ വച്ച് സൂക്ഷ്മഗ്രാഹികളായ യൂറോപ്യന്യായാധിപതികൾ പോലും അനുതാപപ്പെടുകയും ചെയ്തതായി പലരും അറിഞ്ഞിരിക്കാനിടയുണ്ടല്ലോ? ഇതിനാൽ പ്രധാനപ്രമാണങ്ങളെന്നു നിശ്ചയിച്ചിരിക്കുന്ന പ്രത്യക്ഷാനുമാനങ്ങൾ രണ്ടും ആക്ഷേപഗ്രസ്തങ്ങളായി തീരുന്നു. എന്നാൽ, പ്രത്യക്ഷത്താലോ അനുമാനത്താലോ നിണ്ണയിക്കപ്പെട്ട ഒരു സംഗതിയ്ക്കു അനുരൂപമായ ആഗമപ്രമാണം കിട്ടി എങ്കിൽ ആ സംഗതിയും, ആഗമപ്രമാണത്താൽ നിണ്ണയിക്കപ്പെട്ട ഒരു സംഗതിയ്ക്കു അനുകൂലമായ പ്രത്യക്ഷമൊ അനുമാനമോ കിട്ടി എങ്കിൽ അയതും വിശ്വസിക്കേണ്ടതാകുന്നു. ഇപ്രകാരം പരസ്പരോപകാരകങ്ങളായ ആഗമാനുമാനപ്രത്യക്ഷപ്രമാണങ്ങളെ സ്വീകരിച്ചാണ് ആസ്തികന്മാർ വ്യവഹരിക്കുന്നത്. ഗാഢമായി നിരൂപണം ചെയ്ത് നിമ്മിച്ചിട്ടുള്ള ആഗമപ്രമാണത്താൽ സിദ്ധിച്ചിരിക്കുന്ന ഒരു സംഗതിയ്ക്കു തക്കതായ അനുമാനമൊ പ്രത്യക്ഷമൊ നമുക്കു ലഭിച്ചില്ലെങ്കിലും

ഈ കാരണത്താൽ മാത്രം ആ സംഗതിയെ അസാധ്യമെന്നു നിർണ്ണയിക്കുന്നതു സൂക്ഷ്മദർശികൾക്കു യോഗ്യമായിട്ടുള്ളതല്ല.

അനേക കോടിവർഷങ്ങൾക്ക് മുൻപിൽ ഈ ഭൂഗോളം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതായി ഹിന്ദുഗണിതശാസ്ത്രാദികളിൽ പറഞ്ഞിരിക്കുന്ന സംഗതിയെ, ഏതാനും കാലങ്ങൾക്കു മുൻപേ തങ്ങളുടെ ആഗമത്തെ മാത്രം വിശ്വസിച്ചു വന്നിരുന്ന പാശ്ചാത്യന്മാർ സമ്മതിക്കാതെയിരുന്നതും അതിന്റെ ശേഷം "ജിയാളജി" മുതലായ ശാസ്ത്രം അഭിവൃദ്ധിയായി വരുന്ന ഇക്കാലത്ത് സമ്മതിക്കത്തക്ക വിധത്തിലായിരിക്കുന്നതും ഇതിലേയ്ക്കൊരു പ്രത്യേകദൃഷ്ടാന്തമാകുന്നു. ചതുഷ്ഷഷ്ടികലാവിദ്യകളിൽ 'ഖന്യാവാദ'ത്തെ പ്രതിപാദിക്കുന്ന ഒരു ശാസ്ത്രമുണ്ടെന്നു നാം കേട്ടിരിക്കുന്നതല്ലാതെ അതേപ്പററി നമുക്കു യാതൊരു ഗന്ധവും ഇല്ലെങ്കിലും ബുദ്ധിമാന്മാരും പരിശ്രമശീലന്മാരുമായ പാശ്ചാത്യന്മാരുടെ സഹായം നിമിത്തം പ്രസ്തുത ശാസ്ത്രത്തിനും ഇപ്പോൾ ധാരാളം പ്രചാരം വന്നിട്ടുണ്ട്.

ഖന്യാവാദത്താൽ ഭൂമിയുടെ കാല ദൈർഘ്യം മുതലായത് അറിയാമെന്നു. ആര്യഭടീയത്തിൽ പറഞ്ഞിരിക്കുന്ന ഭൂപൃഷ്ഠത്തിൽ ൫൦൦൦ ചതുര്യുഗകാലം കൊണ്ടു മൃഗശരീരങ്ങൾ, മൃദംശങ്ങൾ, വൃക്ഷകപത്രങ്ങൾ, ഗോമയങ്ങൾ മുതലായവ ശിലാരൂപങ്ങളായി പരിണമിച്ചു പർവ്വതാദ്യുന്നത സ്ഥലങ്ങളായി ഒരു യോജന പൊക്കമുള്ളവയായി ഭവിക്കുമെന്നും പിന്നീടു അത്രയും കാലം കൊണ്ടു ആ ശിലാരൂപങ്ങൾ മൃദംശങ്ങളായി പരിണമിക്കുമെന്നും കാണുന്നു.

(തുടരും)

# വൈദ്യസംബന്ധമായ ഒരു പ്രസ്താവന

കൊച്ചുരാമൻപിള്ള അവർകൾ.

ആയുർവ്വേദ വിധിപ്രകാരമുള്ളവായുള്ളെല്ലാത കാര്യങ്ങൾ പൊ
യെ്പായെന്നുള്ളൊരവസ്ഥയാണിവരെ ശ്രേയസ്സുഹായസ്വമായ്
ഈയുള്ളോളുകൾ വൈദ്യശാലകൾ വളർച്ചിപ്പാശ്യകയാണിട്ടവാ
നായുള്ളിൽ തിരുവുള്ളമാന്ന തിരുമേനിക്കായ് നമസ്കരാം ഹേ.

ആ മൂലം ഫലപുഷ്പപല്ലവമെരശ്രീയാൻകല്പദ്രുവാ
മിതുവം തിരുനാൾ ഉപന്നമിതമാമായുസ്സുമാരോഗ്യവും
പുമാതിൻദ്യുതിയാന്ന സന്തതികളിൽ സന്താനസമ്പത്തിയും
ഭൂമാവാൻ നിരന്തരായമുള്ളവായ് കാണേണമേ ദൈവമേ!

"ആയുഃകാമയമാനേന ധർമ്മാർത്ഥസുഖസാധനം ആയുർവ്വേദോപദേശേഷു വിധേയഃ പരമാദരഃ" എന്നാണല്ലോ ചികിത്സയുടെ അവതാരകരൂപമായ ആചാര്യവാക്യം. മനുഷ്യന്റെ ജീവിതകാലം ധർമ്മത്തെയും അർത്ഥത്തെയും സുഖത്തെയും സാധിക്കുന്നതിനാകുന്നു എന്നാണല്ലോ ലോകത്തിലുള്ള എല്ലാ മതക്കാരുടേയും സങ്കല്പം. തന്റെ മതാചാരം ജാത്യാചാരം കുലാചാരം മുതലായ വിഹിതകൃത്യങ്ങളുടെ അനുഷ്ഠാനത്തെ തന്റെ വിശ്വാസമനുസരിച്ച് ഉത്തമമായ നിലയിൽ ജീവിതകാലം മുഴുവൻ നിർവ്വഹിച്ചു എങ്കിൽ ആ മനുഷ്യൻ സ്വധർമ്മ

ത്തെ ശരിയായി സാധിച്ചു തനിക്ക് അവിഹിതമല്ലാത്ത വിധത്തിൽ സത്യത്തേയും ന്യായത്തേയും അനുസരിച്ച് ധനം സമ്പാദിച്ചു എങ്കിൽ അവൻ അർത്ഥത്തെ സാധിച്ചു. സുഖം ഇഹലോക സുഖമെന്നും പരലോകസുഖമെന്നും രണ്ടു വിധമുള്ളവയിൽ താൻ ഇന്ദ്രിയവശവർത്തിയായിട്ടു അകാൎയ്യങ്ങളെ ചെയ്യാതെ തനിക്ക് ന്യായമായ വിധത്തിൽ ലഭ്യമായ സുഖത്തെ സ്വീകരിച്ചു എങ്കിൽ അവൻ ഇഹലോകസുഖത്തെ സാധിച്ചു. ഈ പ്രസ്താവിക്കപ്പെട്ട ധൎമ്മാൎത്ഥസുഖങ്ങളെ അവിഹിതമായ വിധത്തിൽ സ്വീകരിക്കാതെ ഇരുന്നാൽ മാത്രം അവൻ പരലോകസുഖത്തേയും ഒരു വിധം സാധിച്ചു. അതുകൊണ്ടു മനുഷ്യന്റെ സകല ശ്രേയസ്സുകളും ഈ പ്രസ്തുത ധൎമ്മാൎത്ഥസുഖങ്ങളിൽ തന്നെ അടങ്ങിയിരിക്കുന്നു.

ആ ധൎമ്മാൎത്ഥസുഖങ്ങളുടെ സിദ്ധിക്കു വിഘ്നത്തെ ചെയ്യുന്നത് രോഗബാധയാകുന്നു. മഹത്തായ രോഗം സംഭവിച്ചു എങ്കിൽ അവന്റെ ധൎമ്മം നശിച്ചു. അവന്റെ അൎത്ഥം നശിച്ചു അവന്റെ സുഖം നശിച്ചു. അവന്റെ സകല ശ്രേയസ്സുകളുടെ വഴിയും നശിച്ചു. അതുകൊണ്ടു മനുഷ്യജീവിതത്തിന്ന് രോഗമാകുന്ന ശത്രു ആകുന്നു പരമശത്രു. അപ്രകാരമുള്ള രോഗത്തെ ശമിപ്പിക്കുന്നതിനുള്ള ചികിത്സാപ്രവൃത്തി ആകുന്നു പുണ്യകൎമ്മങ്ങളിൽ വെച്ച് മഹാപുണ്യകൎമ്മം. „ബലീയരുപകാരോഹി,, എന്നുള്ള തത്വമനുസരിച്ച് പ്രാണരക്ഷണത്തിനുള്ള സാമൎത്ഥ്യം ദൈവത്തിന്നുള്ളതിനേക്കാൾ അധികം വൈദ്യന് ഇരിക്കുന്നു എന്നു വാദിക്കുന്നവരും ഇല്ലെന്നില്ല. പരോപകാരം ചെയ്വാൻ വൈദ്യവിദ്യയെക്കൊണ്ടു സാധിക്കുന്നതുപോലെ മറ്റൊരുവിദ്യയെക്കൊണ്ടും സാധിക്കുന്നതല്ല. പ്രശസ്ത തെളിവു സമ്പാദിച്ച പോലീസുദ്യോഗസ്ഥനോ, സത്യാനുസരണം വിധി കല്പിച്ച ജഡ്ജിക്കോ, സമാധാനരക്ഷചെയ്ത മജിസ്ത്രേട്ടിന്നോ കൎത്തവ്യകൎമ്മം അനുഷ്ഠിച്ച മററുദ്യോഗസ്ഥന്നോ ജനങ്ങൾ പാരിതോഷികമായി ഒന്നും കൊടുക്കുന്നതിനും ആ ഉദ്യോഗസ്ഥന്മാർ അങ്ങനെ വാങ്ങുന്നതിനും പാടില്ല. എന്നാൽ വൈദ്യ (മെഡിക്കൽ) ഡിപ്പാൎട്ട്മെന്റിൽ അങ്ങനെ ഇല്ല. രോഗി പാരിതോഷികമായി എന്തും കൊടുക്കുന്നതിനും ചികിത്സിച്ച ഉദ്യോഗസ്ഥൻ ആ പാരിതോഷികത്തെ വാങ്ങുന്നതിനും വിരോധിക്കുന്നില്ല. അതുകൊണ്ടു വൈദ്യന്ന് മാസപ്പടി എത്ര കൂടുതൽ കൊടുത്താലും മതിയാകുന്നതല്ലെന്നു കണ്ട് ജനങ്ങളിൽ നിന്നു കൂടി വാങ്ങിക്കൊള്ളുവാൻ ഗവൎമ്മെന്റ് അനുവദിക്കുന്നതായി അനുമാനിക്കേണ്ടിയിരിക്കുന്നു. ശരീരസംബന്ധമായ ഇഹലോകസുഖത്തിന്നും ആത്മസംബന്ധമായ പരലോകസുഖത്തിന്നും കൂടി ഒന്നുപോലെ ഉപയോഗപ്പെടുന്ന വിദ്യ വൈദ്യവിദ്യ ഒന്നുമാത്രമല്ലാതെ മററ് ഒന്നുകൂടെ ഇല്ല. ഈ കാരണങ്ങളാൽ നാഗരികം വൈദ്യവിഷയമായ പ്രസംഗം ശ്രീരാമവിലാസമാസികയാൽ മാസം തോറും സ്വീകരിക്കപ്പെടുന്നതു ഒരു വിശേഷഭൂഷണമായിരിക്കുമെന്നു വിചാരിക്കുന്നു.

# ഗീതാഞ്ജലി

പി. വി. വറുഗീസ്. ബി. എ. എൽ. ററി.

പ്രാചീന കാലങ്ങളിൽ ഇൻഡ്യാ, തത്വജ്ഞാനത്തിലും കലാവിദ്യകളിലും ഇതരരാജ്യങ്ങളെ അപേക്ഷിച്ച് എത്രയും ഉന്നതമായ സ്ഥാനത്തെ പ്രാപിച്ചിരുന്നു എന്നുള്ളതു് സർവസമ്മതമാണ്. മുകിലന്മാരുടെ ആക്രമണാനന്തരം ഇൻഡ്യാ ഈ വിഷയങ്ങളിൽ അധഃപതിക്കയും വളരെ കാലത്തേക്കു ശോച്യാവസ്ഥയിൽ തന്നെ ഇരിക്കയും ചെയ്തു. എന്നാൽ ബ്രിട്ടീഷു മേൽക്കോയ്മയും സുഖസമാധാന പരിപൂർണ്ണമായ ഭരണവും നിമിത്തം കലാവിദ്യകൾക്കു പുനർജ്ജനനത്തിനും ഉൽഗതിക്കും ഇടയായി. ആധുനികകാലത്തിനെ ഇൻഡ്യയുടെ പുനർജ്ജനനകാലം എന്നു നാമകരണം ചെയ്യാം. പ്രകൃതിശാസ്ത്രത്തിൽ വിശിഷ്യ വൈദ്യുതിയിൽ പ്രശസ്തമായ പാണ്ഡിത്യം കൊണ്ടു പ്രൊഫസ്സർ. ജെ. സി. ബോസും, കവിതാ സാഹിത്യത്തിൽ നിസ്സീമധവളകീർത്തി കൊണ്ട് രവീന്ദ്രനാഥടാഗോറും പ്രഥമസ്ഥാനത്തെ അർഹിക്കുന്ന രണ്ടു പുരുഷരത്നങ്ങളത്രേ.

ഇൻഡ്യയിലെ കവിതകളിൽ പുരാതനവും ലോക സമ്മതവുമായ ഖ്യാതിസമ്പാദിച്ചിട്ടുള്ളതും മതം, തത്വജ്ഞാനം എന്നീ വിഷയങ്ങളെ പ്രതിവാദിക്കുന്നതാണ്. വേദങ്ങളും ഉപനിഷത്തുക്കളും ഉദാഹരണങ്ങൾ ആണല്ലൊ. കാളിദാസൻ, ഭവഭൂതി ആദിയായ ശ്രുതിപ്പെട്ട നാടക ഗ്രന്ഥകാരന്മാരുടെ കാലത്തി (മഹാകാവ്യകാലത്തു) നമുമ്പു ഇൻഡ്യയുടെ സ്വഭാവഗതി ആദ്ധ്യാത്മികവും മതാനുമുഖവുമായിരുന്നു എന്നു് കാണാവുന്നതാണ്. രാമാനുജശങ്കരാചാര്യ പ്രഭൃതികൾ ഈ മനോഗതിയെ വിശദമാക്കുന്നു. ഈ സ്ഥിതിക്കു ഇൻഡ്യൻ കവിതയുടെ പുനരുല്പത്തി ഈ പന്ഥാവിൽ കൂടിയായിരിക്കുമെന്നു ഊഹിക്കാൻ ന്യായമുണ്ടല്ലൊ. ആധുനിക കവികളിൽ പ്രഥമഗണനീയനായ രവീന്ദ്രനാഥനും പ്രസ്തുത മാർഗ്ഗത്തിൽ കൂടിയാണ് വിജയ യാത്ര ചെയ്യുന്നത്.

ഇദ്ദേഹത്തെയോ ഇദ്ദേഹത്തിൻെറ കവിതയേയോ ആദ്ധ്യാത്മിക പ്രസംഗങ്ങളെയോ സംബന്ധിച്ച് സൂക്ഷ്മമായി നിരൂപണം ചെയ്യാൻ ഞാൻ ഇപ്പോൾ ഉദ്യമിക്കുന്നില്ല. ഇതിന് അല്പജ്ഞനായ ഞാൻ അപര്യാപ്തനാണെന്ന് പൂർണ്ണമായി സമ്മതിച്ചുകൊള്ളുന്നു. ഇദ്ദേഹത്തിൻെറ സർവസമ്മതമായ ഗീതാഞ്ജലി എന്ന കൃതി എനിയ്ക്ക് അമിതമായ ആനന്ദവും ഗണ്യമായ ഗുണവും അനുഭവരസവും പ്രദാനം ചെയ്കതിനാൽ മാസിക വായനക്കാർ ഈ പവിത്രമായ രസാനുഭൂതിക്കു പാത്രീഭവിക്കണമെന്നുള്ള ഒരു മോഹം മാത്രമാണ് ഈ കുറിപ്പു എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്. അപൂർണ്ണമെങ്കിലും ആശംസാപൂർണ്ണമായ ഈ കുറിപ്പു വായിച്ചിട്ടു ഗീതാഞ്ജലി ആദിയായ കൃതികളുടെ പാരായണത്തിൽ വായിപ്പാൻ വായനക്കാർ പരായണന്മാരായി തീരുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

തുടരും

# *ഹിപ്നട്ടിസം.

ഡിസ്ത്രിക്ട് രജിസ്ത്രാർ സി. മാത്തൻ ബി. ഏ.

ഹിപ്നട്ടിസം അല്ലെങ്കിൽ മെസ്മെറിസം എന്നപേരോടുകൂടി ഒരു വിദ്യ ഉണ്ടെന്നു ഈ കാലത്തു പലരും കേട്ടിട്ടുണ്ടെങ്കിലും, അതിൻെറ സാക്ഷാൽ സ്വഭാവം, ഗുണം, ഉത്ഭവം മുതലായവയെക്കുറിച്ചു ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ പോലും ശരിയായ ജ്ഞാനം ഇല്ലെന്നു കാണുന്നു. ചിലർ ഇതിനെ സാധാരണയുള്ള ജാലവിദ്യകളുടെ ശേഖരത്തിൽ ഗണിക്കുന്നു. മനുഷ്യരെ ഇതുവഴി കൌശലരൂപമായി കബളിപ്പിക്കയാണെന്നും, യഥാൎത്ഥത്തിൽ ഇതുകൊണ്ടു യാതൊരു പ്രയോജനവും വരികയില്ലെന്നും ചിലർ പറയുന്നു. മററു ചിലർ ഇതിൻെറ ഫലങ്ങൾ വാസ്തവമായിട്ടുള്ളവയാണെന്നു സമ്മതിക്കുന്നുണ്ടെങ്കിലും, അവ ഗുണത്തിനു പകരം ദോഷം ചെയ്യുന്നു എന്നു വാദിക്കുന്നു. വാസ്തവം ഇങ്ങിനെ ഒന്നും അല്ല. ഈശ്വരദത്തമായ ശരീരം, മനസ്സ്, ആത്മാവ് ഈ മൂന്നിനേയും ശരിയായ വിധത്തിൽ നിയമനം ചെയ്യുന്നതായാൽ ഓരോന്നിൻെറയും ശക്തി വൎദ്ധിക്കുമെന്നുള്ളതു അനുഭവസിദ്ധമാണ്. ശരീരം ഓരോ വിധ അഭ്യാസത്താൽ പ്രത്യേക ശക്തികൾക്കു പ്രാപ്തിയുള്ളതായി തീരുന്നു. സാധാരണ വ്യായാമപ്രയോഗങ്ങളാൽ ദേഹം പുഷ്ടിപ്പെടുകയും ശക്തിപ്പെടുകയും മാത്രം ചെയ്യുന്നു. എന്നാൽ പ്രത്യേക അഭ്യാസം കൊണ്ടു ശരീരത്തിനു സാധാരണയില്ലാത്ത പലവിധ ശക്തി ലഭിക്കുന്നുണ്ട്. ഇതിനു ദൃഷ്ടാന്തമായി ചാട്ടം, മറിച്ചിൽ, ഞാണിന്മേൽ ദണ്ഡിപ്പു മുതലായവ ആരുടെയും ഓൎമ്മയിൽ വരാവുന്നതാണ്. ഇപ്രകാരം തന്നെ പ്രത്യേക പരിശീലനത്താൽ മനുഷ്യൎക്കു അത്ഭുതം തോന്നുമാറു ശരീരത്തെ പ്രബലപ്പെടുത്താമെന്നു സാൻഡോ, രാമമൂൎത്തി മുതലായവർ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ടു. വായുസ്തംഭം ജലസ്തംഭം മുതലായവ ഇപ്രകാരം തന്നെ ലഭ്യമാണെന്നു മുമ്പിനാലെ വിശ്വസിക്കപ്പെട്ടിരിക്കുന്നു. ശരീരാഭ്യാസം ഏവൎക്കും ആവശ്യമാണെന്നുള്ള ബോധ്യത്താൽ ബാല്യം മുതൽ അതു പരിശീലിക്കുന്നതിനായി വേണ്ടേൎപ്പാടുകൾ എല്ലാ വിദ്യാഭ്യാസ രീതികളിലും ഉണ്ടായിട്ടുണ്ടു. എന്നാൽ കുട്ടികൾക്കു നിശ്ചയിക്കപ്പെട്ടിട്ടുള്ള വ്യായാമക്രമം കൊണ്ടു മേൽ പറഞ്ഞ ശക്തികൾ ലഭിക്കുന്നില്ലാ. സാധാരണ അഭ്യാസത്താൽ ലഭിക്കാത്തതായ ഒരു ശക്തിയാണു മെസ്മെറിസം. പ്രത്യേകരീതിയിലുള്ള അഭ്യസനത്താൽ ശരീരശക്തി പ്രത്യേക വിധത്തിൽ വൎദ്ധിക്കുന്നതു പോലെ മനശ്ശക്തിയും വൎദ്ധിക്കയില്ലെന്നു വിചാരിക്കുന്നതിനു ന്യായമില്ലാ.

മനശ്ശക്തിയെ പ്രത്യേകരീതിയിൽ വൎദ്ധിപ്പിക്കുന്നതാണ് മെസ്മെറിസം എന്നു പറഞ്ഞുവല്ലൊ. മെസ്മെറിസം ഒരു നവീനവിദ്യ അല്ല. അനേക ശതാബ്ദങ്ങൾക്കു മുമ്പു തന്നെ ഇതിനെ ഓരോരുത്തർ അഭ്യസിച്ചിട്ടുണ്ടായിരുന്നു. ജനനാൽ തന്നെ മനുഷ്യർ എല്ലാവരും ഒരുപോലെ ശരീരത്തിനൊ മനസ്സിനൊ ശക്തിയുള്ളവരായിരിക്കുന്നില്ല. ഒരുത്തൻ ശക്തിമാനായും വിപുലഗാത്രനായും മറെറാരുത്തൻ ശക്തിഹീനനായും, കൃശഗാത്രനായും, ഒരുത്തൻ രണ്ടുമല്ലാതേയും ഇരിക്കുന്നതു സഹജമാണ. ശക്തിമാനു ബലഹീനനേക്കാൾ യാതൊരഭ്യാസവും കൂടാതെ അനേക പ്രവൃത്തികൾ ചെയ്വാൻ കഴിയുന്നു. (തുടരും)

*ഈ ഉപന്യാസം കൊല്ലം ആത്മവിദ്യാശ്രമത്തിൻെറ ഉപയോഗത്തിന ആദ്യം എഴുതപ്പെട്ടതും ഉടമസ്ഥൻെറ അനുവാദപ്രകാരം ഇതിൽ ചേൎത്തിട്ടുള്ളതുമാണ.

"വാടിയതാമര" ഞാൻ വായിച്ചുനോക്കി. ഒരിക്കലല്ല അഞ്ചാറാവൃത്തി വായിച്ച് ഇത്രമാത്രം അർത്ഥപുഷ്കലമായ ഒരു "ഖണ്ഡകാവ്യം" ഞാൻ മലയാളത്തിൽ ഇതുവരെ വായിച്ചിട്ടില്ലാ. സമയമില്ലാത്തതുകൊണ്ട് പദ്യം പ്രതിവിസ്തരിച്ച് അഭിപ്രായം എഴുതുവാൻ തരമില്ലാതെയിരുന്നു കുഴങ്ങുന്നതിൽ വ്യസനിക്കുന്നു. ഇതു പ്രത്യേകം ഒരു പുസ്തകമായി നിങ്ങളുടെ തന്നെ വിശിഷ്ടമായ ഒരു വ്യാഖ്യാനത്തോടു കൂടി പ്രസിദ്ധീകരിക്കേണ്ടതാണ്. ഓരോ പദ്യത്തിലും ഓരോ മാതിരി വിശിഷ്ടഗുണം പ്രത്യേകം കാണുന്നുണ്ട്. ഏതെങ്കിലും നാലഞ്ചിനെ വേർതിരിച്ചെടുത്തു നന്നെന്നു പറയുന്നത് മററുള്ളവയ്ക്കു അപകർഷമാകയാൽ അതിലേക്കു ഞാൻ തുനിയുന്നില്ലാ. "ജീവിതം വ്യംഗ്യവൈഭവം" എന്നല്ലെ ആലങ്കാരികന്മാർ പറയുന്നത്. അതു തന്നെയാണ് ഈ കാവ്യത്തിൻെറ വിശേഷം നിങ്ങളെ പററി ഇനിക്കുണ്ടായിരുന്ന സാമാന്യാധികമായ ബഹുമാനം ഈ പദ്യങ്ങൾ വായിച്ചതോടു കൂടി ശതഗുണീഭവിച്ചിരിക്കുന്നു.

എന്ന് സുഹൃൽ

കുഴിത്തുറ. എസ്. പരമേശ്വരയ്യർ.

എം. ഏ. ബി. എൽ. എം. ആർ. ഏ. എസ്.

# വാടിയതാമര

എൻ. കെ. കേരളപണ്ഡിതൻ

വാടിക്കുഴഞ്ഞുരുകി നീണ്ടു ചടച്ച പൂവേ!
വേടിക്കൊലാ പവനചാലിതയാകയാൽ നീ
തേടിക്കഴിഞ്ഞ സുഖമെങ്ങതിലോലമിന്നു?
കൂടിക്കളിച്ച പതിയെങ്ങു? കിനാവു കഷ്ടം.

അല്ലേ! കടുത്ത വിരഹാർത്തി സഹിച്ചു ഭൂവി
ലില്ലേ വിയോഗിനി, ഭവത്സമയെന്നൊരാപൂൻ
മെല്ലെത്തലോടിയുര ചെയ്തു മരുൽകിശോര
നില്ലെന്നുറയ്ക്കരുതു ദീനദയാലുഭാവം.

കാന്തവ്രതാ ചരണതല്പര, തുംഗവംശ-
സന്താന, മുദ്ഗതയശോഭര, നീ നിതാന്തം
ചിന്താവിലം കളക, ചിത്തമയേ! സരസ്സി
നെന്തോ കൃതജ്ഞനിവനിന്നധമർണ്ണനാവാം. തുടരും.

# നമ്മുടെഭക്ഷണം

വൈദ്യൻ വാസുദേവഭട്ടതിരി അവർകൾ

എല്ലാ മനുഷ്യരുടെയും പരമമായ ഉദ്ദേശം തങ്ങൾ ആരോഗദൃഢഗാത്രന്മാരും ദീർഘായുഷ്മാന്മാരും ആയിരിക്കണമെന്നാണെല്ലൊ. എന്നാൽ ആ ഉദ്ദേശത്തെ സാധിക്കുന്നതിനു ഉത്തമമായ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നു അന്വേഷിച്ചറിഞ്ഞ് പ്രവൃത്തിക്കുന്നവർ നമ്മുടെയിടയിൽ അധികം പേരുണ്ടെന്നു തോന്നുന്നില്ലാ. ആരോഗ്യത്തിനു കാരണങ്ങളായി പലതുണ്ടെങ്കിലും എല്ലാത്തിലുംവെച്ചു ഏററവും പ്രധാനമായിട്ടുള്ളതാണ് നമ്മുടെ ആഹാരം എന്നു നാം ഓർമ്മിക്കുമ്പോൾ അതിനെ ശരിപ്പെടുത്തേണ്ടുന്ന ചുമതല നമുക്കു എത്ര അധികം ഉണ്ടെന്നു ഊഹിക്കാമെല്ലൊ. ശരിയായ വിധത്തിലുള്ള ആഹാരക്രമം കൊണ്ടല്ലാതെ വല്ലവിധത്തിലും കുക്ഷിവ്യ

രണം ചെയ്തു ശീലിക്കുന്നതു കൊണ്ടു ആരോഗ്യം ഉണ്ടാകുന്നതല്ലാ. ഭക്ഷണ വിധിയെക്കുറിച്ചു സ്ഥൂലമായിട്ടെങ്കിലും ഒരു ജ്ഞാനം എല്ലാവൎക്കും ഉണ്ടായിരിക്കുകയും കഴിയുന്ന വിധത്തിൽ അതിനെ അനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്യുന്നതായാൽ ആരോഗ്യത്തിനു ആയതു വളരെ ഉപയോഗപ്പെടുന്നതാണ്. നേരെ മറിച്ചു യാതൊരു നിയമവും ഇല്ലാതെ ഇപ്പോൾ ഭക്ഷണവിഷയത്തിൽ ജനങ്ങൾ കാട്ടിക്കൂട്ടുന്ന തോന്ന്യാസങ്ങൾ കൊണ്ട് എത്രയെത്ര പേരാണ് രോഗഗ്രസ്തന്മാരായി കിടന്നുവലയുന്നത്. എത്ര അധികം ആളുകളാണ് അകാല മൃത്യുവിനാൽ ഗ്രസിക്കപ്പെടുന്നത്. കഷ്ടം! എല്ലാവരും ഒരേവിധത്തിൽ ഉള്ള സാധനം തന്നെ ഭക്ഷിക്കണമെന്നും മററും ഒരു നിയമം ഇല്ലാ അങ്ങനെ സാധിക്കുന്നതുമില്ലാ. എന്നാലും എല്ലാ ആളുകളും ഒരുപോലെ അനുസരിക്കേണ്ടതായ ചില പ്രധാന കാൎയ്യങ്ങൾ ഭക്ഷണവിധിയിൽ ഉണ്ട്. അവയെ അനുസരിക്കേണ്ടതു തന്നെ. അതായതു. അതിഭക്ഷണം, അകാലഭക്ഷണം, ദുഷിച്ച സാധനത്തെ ഭക്ഷിക്കുക, എന്തെങ്കിലും ഭക്ഷിച്ചിട്ടു അതു ദഹിക്കുന്നതിനു മുമ്പ് അതിന്റെ മേലെ പിന്നെയും ഭക്ഷിക്കുക ഇത്യാദി ചില നിയമങ്ങൾ തന്നെ. ഇനിയും ദേഹപ്രകൃതി, ദേശപ്രകൃതി, കാലപ്രകൃതി മുതലായവയെ സംബന്ധിച്ചും ഭക്ഷണക്രമത്തെ ഏറക്കുറെ വ്യത്യാസപ്പെടുത്തേണ്ടി വരും. അങ്ങനെ ചെയ്യുന്നതും വളരെ ആവശ്യമാണ്. ഭക്ഷിക്കാനായി നാം ജീവിച്ചിരിക്കുന്നു എന്നു വിചാരിക്കാതെ ജീവിക്കാനായി നാം ഭക്ഷിക്കുന്നു എന്നു വിചാരിച്ച് പ്രവൃത്തിക്കേണ്ടിയിരിക്കുന്നു. ഈ വിഷയത്തിൽ വളരെ പറയാനുണ്ടെങ്കിലും ലേഖനദൈൎഘ്യത്തെ ഭയന്ന് തൽക്കാലം വിരമിച്ചു കൊള്ളുന്നു.

## ഭ്രാന്തു ചികിത്സ

നിരണത്തു കെ. ആർ. നാണു ആശാൻ.

എല്ലാദേഹങ്ങൾതോറുമുന്നലമൊട്ടുകൂടികൊള്ളുന്നരാഗാദിരോഗാൻ
തല്ലിപ്പായിച്ചുകല്ലാവധിസുഖമരുളിച്ചെയ്യുമെന്നല്ലപിന്നെ
ചൊല്ലാമൌത്സുക്യമോഹാരതികളയുമരുത്തിട്ടുതുഷ്ട്യാവസിക്കും
കല്യാത്മാ „വാദിവൈദ്യൻ" കൃപയൊടുസതതംകാത്തുരക്ഷിച്ചിടട്ടെ

കാന്തേ! സരോജദളചാരുവിലോലനേത്രേ!
പൂന്തേനൊഴിഞ്ഞൊഴുകിടുംമൊഴി! നിത്യമാനീ
ഭ്രാന്തിന്നിദാനവുമതിന്റെ ചികിത്സിതാദ
യെന്താകഥിപ്പതിനുനമ്മെയലട്ടിടുന്നോ?

കഷ്ടംകലേശമുഖി! "കേരളകളിദാസൻ"
തൊട്ടുള്ളകോവിദർചമച്ചുവിട്ടുന്നകാവ്യം
ദൃഷ്ടിക്കുപെട്ടമിതമോദമായന്നലോകം
പൊട്ടിച്ചിരിക്കുമിതുകാണുകിലേണനേത്രെ!

പിന്നെങ്ങിനാണതിനൊരുമ്പെടുകെന്നകാൎയ്യ
മെന്നംഗനാകുലനിധാലതമാലനീലേ!
എന്നോൎത്തിടേവരയിരുന്നിനിയൊട്ടുരക്കാം
വന്നീടുനീമമസമീപമണഞ്ഞിക്കു!

തുടരും.

# വിഷയാനുക്രമണിക.


൧. മംഗളം.
കേരളവൎമ്മവലിയകോയിത്തമ്പുരാൻ. സി. എസ്സ്. ഐ.

൨. കത്തുകൾ ,, ,, ൭.
കെ. ഐ. & മണ്ണൂർ മാധവൻ പിള്ള

൩. ഗണകസമുദായചരിത്രം ,, ,, ൧൯
കെ. ജി. ഇട്ടി വൈദ്യൻ.

൪. വാടിയതാമര. ,, ,, ൮൩.
എൻ. കെ. കേരള പണ്ഡിതർ.

൫. ഹിന്ദുക്കളുടെ ജ്യൌതിഷം. ,, ,, ൮൪.
പുതുപ്പള്ളിൽ പി. കെ. പണിക്കർ

൬. വൎഷകാലം ,, ,, ൮൭
പി. കെ. നാരായണൻ വൈദ്യൻ.

൭. ആരോഗ്യം ,, ,, ൮൮
കുന്നുപുറമ്പിൽ കെ. എസ്സ്. നാരായണപിള്ള.

൮. ഒരു യഥാൎത്ഥവസ്തു. ,, ,, ൯൩.
പുലിയൂർ പി. എസ്സ്. പുരുഷോത്തമൻ പോററി.

൯. സന്മാൎഗ്ഗപരിശീലനം ,, ,, ൯൫
ചിറമേൽ ജി. ചക്രപാണിവാൎയ്യർ.

൧൦. ഭ്രാന്തുചികിത്സ. ,, ,, ൯൭.
നിരണത്തു കെ. ആർ. നാണു ആശാൻ.

൧൧. പത്രാധിപക്കുറിപ്പുകൾ. ,, ,, ൯൮.

൧൨. ദേവകിക്കുട്ടി. (ഒരു നോവൽ) ൯൯.
കെ. ജി. ഐ.

വിജ്ഞാപനം.

# ശ്രീരാമവിലാസം

ആത്മീയമായും, ലൌകികമായും അവശ്യം വേണ്ടതായ ജ്ഞാനങ്ങളെ ഉപപാദിക്കുന്ന ഒരു മലയാള മാസിക.

ജ്യൌതിഷം, മാന്ത്രികം, വൈദ്യം, വിദ്യാഭ്യാസം, വ്യവസായം, സാമുദായികം, ആദ്ധ്യാത്മികം ഇവയായിരിക്കും മുഖ്യ വിഷയങ്ങൾ.

മേൽ പറയപ്പെട്ട പ്രമേയങ്ങളെ സംബന്ധിച്ചു ഉത്തമരീതിയിൽ എഴുതപ്പെടുന്ന ഉപന്യാസങ്ങൾ, ശുദ്ധമായ വിവരണത്തോടു കൂടി, സംസ്കൃതം ആദിയായ ഇതര ഭാഷകളിൽ കിടപ്പുള്ള പ്രശസ്തതരങ്ങളായ ഗ്രന്ഥങ്ങൾ, പ്രായേണ അദൃഷ്ടപൂർവ്വങ്ങളായ ചില രഹസ്യ പ്രമാണങ്ങൾ, പൊതുവിൽ രുചിപ്രദങ്ങളും പ്രൌഢങ്ങളുമായ ഖണ്ഡകാവ്യങ്ങൾ പ്രസിദ്ധീകരണ യോഗ്യമായ വിധത്തിൽ എഴുതിയയച്ചുതരുന്നതിനെ ഞങ്ങൾ സന്തോഷപൂർവ്വം സ്വീകരിച്ചു പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

ഈ മാസികയുടെ വരിക്കാരായിരിപ്പാൻ ആഗ്രഹിക്കുന്നവർ പണം എപ്പോഴും മുൻകൂർ അടയ്ക്കേണ്ടതാണ്.

| വരിസംഖ്യ | രൂ. | ണ. | പരസ്യക്കൂലി | | | അണ. |
|---|---|---|---|---|---|---|
| ഒരു കൊല്ലത്തേക്കു | ൨ | ൦ | ഒന്നാം പ്രാവശ്യം | വരി | ൧-ന്നു | ൨. |
| ആറുമാസത്തേക്കു | ൧ | ൮ | രണ്ടാം | ,, | ,, | ൧. |
| ഒരു പ്രതിക്കു | ൦ | ൪ | മൂന്നാം | ,, | ,, | ൧. |

ദീർഘകാലത്തേക്കുള്ള പരസ്യത്തിന് പ്രത്യേക കരാറിന്മേൽ ഒരു ചുരുക്കിയ നിരക്കിൽ ഏർപ്പാടു ചെയ്യാവുന്നതാണ്.

മേലാൽ ഈ മാസികയിൽ പ്രസിദ്ധപ്പെടുത്താനുള്ള ഉപന്യാസങ്ങൾ മുതലായവ ഓരോ മാസം ൧-ാം നു-ക്കു മുമ്പായി തന്നെ ഇവിടെ കിട്ടത്തക്കവിധത്തിൽ നല്ല കടലാസ്സിൽ ഓരോ വശം മാത്രം മഷികൊണ്ടു കഴിയുന്നതും വ്യക്തമായ വിധത്തിൽ എഴുതിയയച്ചു തരേണ്ടതാകുന്നു.

കൂലി തീരാതയയ്ക്കുന്ന യാതൊരെഴുത്തുകളും ഞങ്ങൾ സ്വീകരിക്കുന്നതല്ല.

മാസികയ്ക്കുള്ള ലേഖനങ്ങളും, പകരം അയയ്ക്കുന്ന പത്രങ്ങളും, അപേക്ഷകളും, പണമിടപ്പെട്ട എഴുത്തുകളും താഴെ കാണിക്കുന്ന മേൽ വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

ശ്രീരാമവിലാസം മാനേജർ

ഓരതവൈദ്യശാല

വേങ്ങൽ—തിരുവല്ലാ

മാത്രം നോക്കി പാൎക്കുന്നവർ നിൻെറ കപ്പലിൽ തന്നെയും ഉണ്ടായിരിക്കാം എന്നു വിചാരിക്കരുതു!

ഈ സമുദ്രത്തിൽ സഞ്ചരിച്ചു വിജയം നേടി മാന്യസ്ഥാനത്തെ അഹിച്ചിരിക്കുന്ന നിൻെറ സഹചാരിണികൾ നിന്നെ അനുമോദിക്കേണ്ടതിനുപകരം, അവരിൽ ചിലർ, നിന്നെ അനാദരിക്കയോ, അവരുടെ വാക്ശൂലങ്ങളാൽ നിൻെറ കൎണ്ണദ്വാരങ്ങളെ വ്രണപ്പെടുത്തുകയോ ചെയ്യെന്നും വരാം.

എന്നാലും നീ ലേശവും അധൈൎയ്യപ്പെടരുതു്! നീ അവരെ അനാദരിക്കാനോ ആക്ഷേപിക്കാനോ തുനിയരുതു് "ദ്വേഷം പോക്കുന്നതു ദ്വേഷം കൊണ്ടല്ല സ്നേഹം കൊണ്ടത്രേ,, "ക്ഷമയായുധമിരിപ്പോനിൽ വിമതൻ ചെയ്യതെന്തുവാൻ?,, എന്നുംമറെറുമുള്ള മഹദ്വചനങ്ങൾ നിൻെറ പ്രഥമ പാഠമായിരിക്കട്ടെ! അതു നിൻെറ ഹൃദയത്തിൽ സർവദാ പ്രധമാക്കി വച്ചുകൊള്ളുകയുംവേണം. എന്തായാലും നീ ഒരിക്കലും കുണ്ഠിതപ്പെടരുതു്! നിൻെറ കപ്പലിൻെറ കപ്പിത്താൻ തുടങ്ങിയുള്ള ഭാരവാഹികളും ഈ കപ്പലിൻെറ ജീർണ്ണോദ്ധാരണത്തിങ്കൽ ഇഷ്ടപ്പെടുന്നഎല്ലാ മഹത്തുക്കളും നീ മുഖാന്തരം ഈ കപ്പലിനു സിദ്ധിക്കാവുന്ന ഗുണങ്ങളെ ഓൎത്തു നിന്നെ സഹായിക്കുമെന്നുള്ളതിൽ സംശയമില്ല.

അമൃവ, മായശുഭദിവസത്തിൽ തന്നെ നിന്നെ ജനിപ്പിക്കുന്നതിനു ശ്രമിച്ചിട്ടുള്ള നിൻെറ ഭാരവാഹികളോടും നിന്നെ സഹായിച്ചിട്ടുള്ള ബന്ധുക്കളോടും പ്രത്യേകം നിൻെറ വാതൽപുറപ്പാടു കൃത്യസമയത്തു തന്നെ നടത്തിയ നിൻെറ ഗൃഹമേധിയോടും നീ നെടുനാൾ കൃതാൎത്ഥയായിരിക്കണം.

നീ ആ ശുഭദിവസത്തിൽ ജനിക്കകൊണ്ടും നിൻെറ ഭാരവാഹികളുടെ പ്രാൎത്ഥനാനുരൂപമായ പത്മനാഭ പ്രസാദം വേണ്ടുവോളം നിന്നിൽപ്രതിഫലിക്കുമെന്നുള്ള പൂർണ്ണ വിശ്വാസം എനിക്കുള്ളതുകൊണ്ടും യാതൊരു സങ്കടത്തിനും ഇടയാകാതെ നീ സൎവ്വജനീനയായും, സൎവ്വത്ര വിജയിനിയായും ചിരകാലം ശോഭിക്കുമെന്നുള്ള എൻെറ ആശംസയെ അതീന്ദ്രിയ ശക്തിയാൽ സമ്പൂൎണ്ണമാക്കിക്കൊണ്ടു നിൻെറ സൎവ്വകലാമംഗളമായ യൌവനദശയെ വേഗത്തിൽ കാണുന്നതിനായി നിനിമേഷം ഞാൻ പ്രതീക്ഷിക്കുന്നു.

എന്നു നിൻെറ അഭ്യുദയകാംക്ഷി

കെ ഐ.

അരിപ്പാട്
89-4-7

ശ്രീരാമവിലാസം പത്രാധിപരവർകൾക്ക്

സർ!

തിരുവിതാംകൂർ ഗാനകസമാജം വകയായി "ശ്രീരാമവിലാസം", എന്ന നാമധേയത്തിൽ ഒരു മലയാള മാസിക താമസിയാതെ പുറപ്പെടുമെന്ന്, ടി സമാജാംഗങ്ങളിൽ ഒരാൾ എന്നോടു പറകയുണ്ടായിരുന്നു.

എന്നാൽ "ശ്രീരാമവിലാസം", കാണുന്നതിന് അത്യാകാംക്ഷയോടുകൂടിയിരിക്കുമ്പോഴാണ് യദൃച്ഛാസംഭവമായി ഞങ്ങൾ അയച്ച മാസിക കാണുന്നതിനിടയായതു.

മാസിക കയ്യിൽ കിട്ടിയ ഉടൻ തന്നെ ആദ്യവസാനം വായിച്ചു നോക്കി. ധർമ്മരാജ്യമെന്നു സുപ്രസിദ്ധമായ നമ്മുടെ ഈ തിരുവിതാംകൂർ നാട്ടുകാരുടെ നിർഭാഗ്യത്താൽ വഞ്ചിരാജ്യം അലങ്കരിച്ചിരുന്ന യുവരാജാക്കന്മാർ എല്ലാം കഥാശേഷന്മാരായി പോയതിനാലുള്ള ദുഃഖസാഗരത്തിൽ മുഴുകികിടക്കുന്ന തായ ഈ സന്ദർഭത്തിൽ ൧൦൮൮ തുലാമാസം ൨൨-ാംനു നമ്മുടെ ഭാഗ്യോദയത്താൽ ചിത്തിര തിരുനാൾ രാമവർമ്മ യുവരാജാവു തിരുമനസ്സു കൊണ്ടു തിരു അവതാരം ചെയ്തരുളുകയും, അതിന്റെ സന്തോഷസൂചകമായ സ്മാരകമായിരിക്കത്തക്ക നിലയിൽ ആ പൊന്നുതിരുമേനിക്ക് ഒരു തിരുവയസ്സു തികയുന്ന തിയതി തന്നെ ഈ മാസിക പുറത്താക്കിയതിൽ ഗാനകസമാജത്തിനു വഞ്ചിരാജകുടുംബത്തോടു തോന്നിയിട്ടുള്ള സ്നേഹബഹുമാനാദികൾക്കു കണക്കില്ലാ എന്നുള്ള സന്തോഷവാർത്തയും ഇവിടെ പ്രസ്താവിക്കാതിരിപ്പാൻ തരം കാണുന്നില്ലാ. ഈ ഒന്നാം ലക്കം ഇപ്പോൾ നടന്നു വരുന്ന മാസികകളെ അപേക്ഷിച്ച് ഒരു വിധം നന്നായിട്ടുണ്ട് എന്നു പറയുന്നതിൽ ഞാൻ ഒട്ടും തന്നെ മടിക്കുന്നില്ലാ.

മേലും ഇതിൽ നല്ലതായ ലേഖനങ്ങളെ ശേഖരിച്ച് പ്രസിദ്ധം ചെയ്തു കാണുന്നതിനു ആഗ്രഹിക്കുന്നു.

ഈ മാസികയ്ക്കു എന്നാൽ കഴിയുന്ന സകല വിധമായ സഹായങ്ങൾ ചെയ്യുന്നതിനു ഞാൻ [illegible] ആഗ്രഹത്തോടു കൂടി ഇതിനാൽ വാഗ്ദത്തം ചെയ്തു കൊള്ളുന്നതോടു കൂടെ ശ്രീരാമവിലാസ മാസികയ്ക്കു, ശ്രീരാമസ[illegible] വിശേഷിച്ചു വഞ്ചിരാജ കുടുംബത്തിന്റേയും ദയാദാക്ഷിണ്യ[illegible] അനുഗ്രഹങ്ങളോടു കൂടി തല്ക്കാലം വിളങ്ങിക്കൊള്ളുന്നു.

എന്ന്. വിധേയൻ.
ഉണ്ണൂർ. മാധവൻപിള്ള.